# ഞാവള്ളിൽ കുടുംബയോഗം

## ചാരിറ്റബിൾ ട്രസ്റ്റ്

Reg No. 127/IV/2017

കരൂർ പി ഒ, പാലാ 686574

Website: www.njavallil.com, Email: mail@njavallil.com




# ന്യൂസ് ലെറ്റർ നവംബർ 2023

**2023 – 24 വാർഷികം, 2024 ജനുവരി 27 ശനിയാഴ്ച**
**കണ്ണൂർ ജില്ലയിലെ തളിപ്പറമ്പിൽ വച്ച്**

- പൊതുയോഗ നോട്ടീസ്
- 2023 – 24 ലെ ഭാരവാഹികൾ
- 2023 ലെ വാർഷികത്തിന്റെ റിപ്പോർട്ട്
- അറിയിപ്പുകൾ
- അവാർഡുകൾ പുരസ്കാരങ്ങൾ
- 2022 – 23 ലെ വാർഷിക കണക്ക്
- 2022 – 23 ലെ പ്രവർത്തനങ്ങൾ
- യൂണിറ്റ് റിപ്പോർട്ടുകൾ

# 26–ാം വാർഷികസമ്മേളനം 26.01.2023













സ്നേഹം നിറഞ്ഞ ഞാവള്ളിൽ കുടുംബാംഗങ്ങളെ,

അടുത്തുവരുന്ന ക്രിസ്തുമസിന്റെയും നവവത്സരത്തിന്റെയും സ്നേഹം നിറഞ്ഞ ആശംസകൾ ഓരോ കുടുംബാംഗങ്ങൾക്കും നേർന്നുകൊള്ളുന്നു.

കഴിഞ്ഞവർഷത്തെ വാർഷികം 2023 ജനുവരി 26-ാം തീയതി വിവിധ പരിപാടികളോടെ കരൂർ തിരുഹൃദയദേവാലയ പാരീഷ് ഹാളിൽ വച്ച് സമുചിതമായി ആഘോഷിക്കാൻ കഴിഞ്ഞ വിവരം സസന്തോഷം അറിയിച്ചുകൊള്ളട്ടെ.

നമ്മുടെ **27-ാം വാർഷികസമ്മേളനം (2023-24) 2024 ജനുവരി 27-ാം തീയതി ശനിയാഴ്ച കണ്ണൂർ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോനാ പള്ളിയുടെ പാരീഷ് ഹാളിൽ വച്ച്** നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന വിവരം അതിയായ സന്തോഷത്തോടെ അറിയിക്കട്ടെ. ഇതിനു മുൻകൈ എടുക്കുന്ന കണ്ണൂർ യൂണിറ്റ് ഭാരവാഹികൾക്കും കുടുംബാംഗങ്ങൾക്കും കുടുംബയോഗത്തിന്റെ അഭിനന്ദനവും നന്ദിയും അറിയിച്ചുകൊള്ളട്ടെ.

കുടുംബയോഗത്തിന്റെ വകയായി കഴിഞ്ഞ വർഷം 2023 ലെ കലണ്ടർ പ്രസിദ്ധീകരിക്കുകയുണ്ടായല്ലോ. കുടുംബയോഗത്തിന്റെ ഇദംപ്രഥമമായ ഈ സംരംഭത്തെ എല്ലാ കുടുംബാംഗങ്ങളും പ്രോത്സാഹനപൂർവ്വം സ്വീകരിക്കുകയുണ്ടായി. ഈ വർഷവും കലണ്ടർ ഇറക്കാൻ കുടുംബയോഗ കമ്മറ്റി തീരുമാനിക്കുകയും, അതിൻപ്രകാരം 2024 കലണ്ടർ അച്ചടിക്കുകയും ചെയ്തിട്ടുണ്ട്. കലണ്ടർ ന്യൂസ്‌ലെറ്ററിനോടൊപ്പം എല്ലാ അംഗങ്ങൾക്കും അയച്ചു കൊടുക്കാൻ ശ്രമിച്ചിട്ടുണ്ട്. വാർഷികത്തിനു മുമ്പായി കഴിയുന്നത്ര യൂണിറ്റുകൾ വാർഷികസമ്മേളനങ്ങൾ നടത്തി റിപ്പോർട്ട് കേന്ദ്രകമ്മറ്റിക്ക് നൽകണമെന്ന് താൽപര്യപ്പെടുന്നു.

ന്യൂസ് ലെറ്റർ പ്രസിദ്ധീകരിക്കാൻ സഹായിച്ച കുര്യൻ ചാണ്ടി ആണ്ടൂക്കുന്നേൽ മെമ്മോറിയൽ ഇൻഫന്റ് ജീസസ് ചാരിറ്റബിൾ ട്രസ്റ്റിനും കലണ്ടറിന് പരസ്യങ്ങൾ നൽകി സഹായിച്ചവരോടും കുടുംബയോഗത്തിന്റെ നന്ദി അറിയിക്കുന്നു. കുടുംബയോഗത്തിന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങളിൽ എല്ലാവിധ സഹായസഹകരണങ്ങളും പ്രതീക്ഷിച്ചുകൊണ്ട്,

ഞാവള്ളിൽ കുടുംബയോഗ ഭരണസമിതിക്ക് വേണ്ടി

| പ്രസിഡന്റ് | സെക്രട്ടറി | ട്രഷറർ |
| --- | --- | --- |
| **ശ്രീ അലക്സ് കെ.സി.** | **ശ്രീ കുര്യാക്കോസ് അലക്സാണ്ടർ** | **ശ്രീ ടോമി സെബാസ്റ്റ്യൻ** |
| കൂന്താനത്ത് | കയത്തിൻകര | മംഗലത്തിൽ |
| കരൂർ പി.ഒ. | കരൂർ പി.ഒ. | പാലാ പി.ഒ. |
| 9447420943 | 9526610890 | 8281945412 |

# ഞാവള്ളിൽ കുടുംബയോഗം

## ചാരിറ്റബിൾ ട്രസ്റ്റ്

Reg No. 127/IV/2017 കരൂർ പി ഒ, പാലാ 686574

Website: www.njavallil.com, Email: mail@njavallil.com

# വാർഷിക പൊതുയോഗം 2023 – 24

പ്രിയ കുടുംബാംഗങ്ങളെ,

നമ്മുടെ കുടുംബയോഗട്രസ്റ്റിന്റെ **2023 – 24 ലെ വാർഷിക പൊതുയോഗം 2024 ജനുവരി മാസം 27 – ാം തീയതി ശനിയാഴ്ച, കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന ചർച്ചിന്റെ പാരീഷ് ഹാളിൽ വച്ച്** കണ്ണൂർ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്നതാണ് എന്നറിയിക്കുവാൻ അതിയായ സന്തോഷമുണ്ട്. അന്നേ ദിവസം **രാവിലെ 8.30 ന് വിശുദ്ധ കുർബ്ബാനയും 10 മണിക്ക് പൊതു സമ്മേളനവും** ഉണ്ടായിരിക്കും.

പ്രസ്തുത പരിപാടിയിലേക്ക് എല്ലാ കുടുംബാംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിച്ചുകൊള്ളുന്നു.

ഞാവള്ളിൽ കുടുംബയോഗഭരണസമിതിക്കുവേണ്ടി,

| പ്രസിഡന്റ് | സെക്രട്ടറി | ട്രഷറർ |
|---|---|---|
| **ശ്രീ. അലക്സ് കെ. സി.** | **ശ്രീ. കുര്യാക്കോസ് അലക്സാണ്ടർ** | **ശ്രീ. ടോമി സെബാസ്റ്റ്യൻ** |
| കൂന്താനത്ത് | കയത്തിൻകര | മംഗലത്തിൽ |
| 9447420943 | 9526610890 | 8281945412 |

ഉപചാരപൂർവ്വം കണ്ണൂർ യൂണിറ്റിലെ കുടുംബാംഗങ്ങളും ഭാരവാഹികളും

| പ്രസിഡന്റ് | സെക്രട്ടറി | ട്രഷറർ |
|---|---|---|
| **ശ്രീ. കെ. ടി. ദേവസ്യാ** | **ശ്രീ. ടോമി ജോസഫ്** | **ശ്രീ. ജോർജ്ജ് തോമസ്** |
| കൂന്താനത്ത് | ചാഞ്ഞപ്ലാക്കൽ | ഞാവള്ളിൽ |
| 9447361505 | 9447353190 | 944748186 |

# ഞാവള്ളിൽ കുടുംബയോഗം ചാരിറ്റബിൾ ട്രസ്റ്റ്

**Reg No. 127/IV/2017**

**കരൂർ പി.ഒ., പാലാ 686574**

**Website: www.njavallil.com, Email: mail@njavallil.com**

---

## വാർഷിക പൊതുയോഗ നോട്ടീസ്

ഞാവള്ളിൽ കുടുംബയോഗം ചാരിറ്റബിൾ ട്രസ്റ്റിന്റെ 2023- 24 വർഷത്തെ വാർഷിക പൊതുയോഗം 2024 ജനുവരി 27 ശനിയാഴ്ച, കണ്ണൂർ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോനാ പള്ളിയുടെ പാരീഷ് ഹാളിൽ വച്ച് പൊതുസമ്മേളനത്തോടെ നടത്തപ്പെടുന്നതാണ്. അന്നേ ദിവസം രാവിലെ 8.30ന് കുർബ്ബാനയും 10 മണിക്ക് പൊതുസമ്മേളനവും നടത്തപ്പെടുന്നതാണ്. പ്രസ്തുതപരിപാടിയിലേക്ക് എല്ലാ കുടുംബാംഗങ്ങളും പങ്കെടുക്കണമെന്ന് താല്പര്യപ്പെടുന്നു. കുടുംബയോഗം ഏർപ്പെടുത്തിയിരിക്കുന്ന വിവിധ സ്കോളർഷിപ്പുകൾക്കും പുരസ്കാരങ്ങൾക്കും 2024 ജനുവരി 15ന് മുമ്പായി ലഭിക്കത്തക്കവിധം അപേക്ഷകൾ ക്ഷണിച്ചു കൊള്ളുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

## പുരസ്കാരങ്ങളും സ്കോളർഷിപ്പുകളും

1. **കെ.സി. സെബാസ്റ്റ്യൻ, കാടൻകാവിൽ (മുൻ എം.പി) മെമ്മോറിയൽ എൻഡോവ്മെന്റ് – 2000 രൂപ. (മികച്ച സാഹിത്യ കൃതിക്ക്)**

   2023 ൽ ഞാവള്ളിൽ കുടുംബാംഗങ്ങളിൽപ്പെട്ട, മികച്ച സാഹിത്യകൃതി രചിച്ച ഒരാൾക്ക് ആയിരിക്കും ഈ എൻഡോവ്മെന്റ്. കൃതിയുടെ ഒരു കോപ്പി സഹിതം അപേക്ഷിക്കേണ്ടതാണ്.

2. **ഫ്രാൻസിസ് തോമസ്, കയത്തിൻകര മെമ്മോറിയൽ സ്കോളർഷിപ്പ് – 2000 രൂപ**

   കുടുംബാംഗങ്ങളുടെ മക്കളിൽ ഈ വർഷം പത്താം ക്ലാസ് പരീക്ഷയിൽ (സി.ബി.എസ്.ഇ./ ഐ.സി.എസ്.ഇ/ സ്റ്റേറ്റ് സിലബസ്) ഏറ്റവും കൂടുതൽ മാർക്ക്/ ഗ്രേഡ് കരസ്ഥമാക്കിയവർക്ക് ഏർപ്പെടുത്തിയത്

3. **കെ.എഫ്. ജോസഫ്, കൂന്താനം മെമ്മോറിയൽ സ്കോളർഷിപ്പ് – 2000 രൂപ**

   കുടുംബാംഗങ്ങളുടെ മക്കളിൽ ഈ വർഷം പ്ലസ് ടു പരീക്ഷയിൽ (സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ/ സ്റ്റേറ്റ് സിലബസ്) ഏറ്റവും കൂടുതൽ മാർക്ക്/ഗ്രേഡ് കരസ്ഥമാക്കിയവർക്കായി ഏർപ്പെടുത്തിയത്

4. **റവ. സി. ജെയിംസ് മേരി സി.എം.സി, ഞാവള്ളി പുത്തൻപുരയിൽ മെമ്മോറിയൽ സ്കോളർഷിപ്പ് – 2000 രൂപ**

വേദപാഠത്തിന് പന്ത്രണ്ടാം ക്ലാസ്സിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന നമ്മുടെ കുടുംബത്തിൽപെട്ട ഒരു കുട്ടിക്ക് ആയിരിക്കും ഈ സ്കോളർഷിപ്പ്.

5. **കെ.കെ. സിറിയക്, കാടൻകാവിൽ മെമ്മോറിയൽ സ്കോളർഷിപ്പ് – 2000 രൂപയും മൊമെന്റോയും**

പത്താം ക്ലാസിൽ വേദപാഠത്തിന് ഒന്നാം സ്ഥാനം ലഭിക്കുന്ന നമ്മുടെ കുടുംബത്തിൽപെട്ട ഒരു കുട്ടിക്ക് ആയിരിക്കും ഈ സ്കോളർഷിപ്പ്.

6. **ചെറിയാൻ ജോസഫ്, കൂന്താനം മെമ്മോറിയൽ കാഷ് അവാർഡ് – 2000 രൂപയും മൊമെന്റോയും**

പാഠ്യേതര വിഷയങ്ങളിൽ ഏറ്റവും മികവു തെളിയിച്ച ഒരാൾക്ക് ആയിരിക്കും ഈ അവാർഡ്.

7. **കുരുവിള ജോസഫ് പഴയിടം മെമ്മോറിയൽ കാഷ് അവാർഡ് ഞാവള്ളിൽ ലൈഫ്ടൈം ഹെൽത്തി ലൈഫ്സ്റ്റൈൽ എൻഡോവ്മെന്റ് – 3000 രൂപ.**

ശരിയായ ജീവിതശൈലിയിലൂടെ പൂർണ്ണ ആരോഗ്യവാന്മാരായി ജീവിതം നയിക്കുന്ന 70 വയസ്സിനുമേൽ പ്രായമുള്ള കുടുംബാംഗത്തിനായിരിക്കും ഈ അവാർഡ്. (ഈ അവാർഡ് മുൻപ് ലഭിച്ചിട്ടുള്ളവർ വീണ്ടും അപേക്ഷിക്കാൻ അർഹരല്ല)

8. **അന്ന ജോസഫ് പഴയിടം മെമ്മോറിയൽ ക്യാഷ് അവാർഡ് ഞാവള്ളിൽ ലൈഫ്സ്റ്റൈൽ റിജന്യൂവേഷൻ എൻഡോവ്മെന്റ് –3000 രൂപ**

ജീവിതശൈലി രോഗങ്ങൾ വന്നുകഴിഞ്ഞ് ശരിയായ ജീവിതശൈലി ക്രമീകരണത്തിലൂടെ പൂർവ്വാധികം ആരോഗ്യം തിരിച്ചുപിടിച്ച 70 വയസ്സിന് താഴെയുള്ള കുടുംബാംഗത്തിനായിരിക്കും ഈ അവാർഡ്. (ഈ അവാർഡ് മുൻപ് ലഭിച്ചിട്ടുള്ളവർ വീണ്ടും അപേക്ഷിക്കാൻ അർഹരല്ല)

മേൽപ്പറഞ്ഞ പുരസ്കാരങ്ങൾക്ക് യോഗ്യതയുള്ളവർ സർട്ടിഫിക്കറ്റിന്റെ കോപ്പി/റിക്കാർഡുകൾ സഹിതം 2024 ജനുവരി 15ന് മുമ്പ് ഭാരവാഹികളെ ഏൽപ്പിക്കണം.

വിവിധ മേഖലകളിൽ അംഗീകാരം ലഭിച്ചവരെയും അവാർഡുകൾ റാങ്കുകൾ തുടങ്ങിയവ ലഭിച്ചവരെയും പൊതുയോഗത്തിൽ പ്രത്യേകമായി ആദരിക്കുന്നതാണ്. അതോടൊപ്പംതന്നെ കഴിഞ്ഞ വാർഷികത്തിനു ശേഷം വിവാഹിതരായ നവദമ്പതികളെയും, നവവൈദികരെയും, നവസിസ്റ്റേഴ്സിനെയും പൗരോഹിത്യത്തിന്റെയും വിവാഹത്തിന്റെയും നിത്യവ്രതവാഗ്ദാനത്തിന്റെയും, 25, 50, 60-ാം വാർഷികങ്ങൾ ആഘോഷിക്കുന്നവരെയും ആദരിക്കുന്നതാണ്. അർഹതപ്പെട്ടവർ ഫോട്ടോയും അഡ്രസ്സും 2024 ജനുവരി 15ന് മുമ്പായി ഭാരവാഹികളെ ഏൽപ്പിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു

# 2023 – 2024 ലെ ഭാരവാഹികൾ

വാർഷിക പൊതുയോഗത്തിനുശേഷം, 2023 ഫെബ്രുവരി 26-ാം തീയതി ഞായറാഴ്ച ശ്രീ ജോസഫ് അഗസ്റ്റ്യൻ പുത്തൻപുരയ്ക്കലിന്റെ കരൂരിലുള്ള വസതിയിൽ വച്ച് നടത്തിയ ഭരണസമിതി യോഗത്തിൽ വച്ച് 2023-2024 വർഷത്തെ ഭാരവാഹികളെ ഏകകണ്ഠമായി തിരഞ്ഞെടുക്കുകയുണ്ടായി.

## ഭരണസമിതി 2023 – 2024

| | | |
|---|---|---|
| രക്ഷാധികാരി | : | റവ. ഡോ. തോമസ് കാടൻകാവിൽ സി.എം.ഐ<br>ഫോൺ : 9496159790 |
| പ്രസിഡന്റ് | : | ശ്രീ. അലക്സ് കെ സി കൂന്താനത്ത്<br>ഫോൺ : 9447420943 |
| വൈസ് പ്രസിഡന്റ് | : | ശ്രീ. വി.ജെ ജോസഫ്, വിലങ്ങുപാറ<br>ഫോൺ : 9495928707 |
| സെക്രട്ടറി | : | ശ്രീ. കുര്യാക്കോസ് അലക്സാണ്ടർ, കയത്തിൻകര<br>ഫോൺ : 9526610890 |
| ജോയിന്റ് സെക്രട്ടറി | : | ശ്രീ. സിറിയക് ക്രിസ്റ്റഫർ തോമസ്, തെക്കേൽ<br>ഫോൺ: 9495020506 |
| ട്രഷറർ | : | ശ്രീ. ടോമി സെബാസ്റ്റ്യൻ, മംഗലത്തിൽ<br>ഫോൺ:8281945412 |

**ശാഖാ പ്രതിനിധികൾ**

1. **പഴയിടം**
   ശ്രീ. ജോസി ചെറിയാൻ, പഴയിടം, കരൂർ. ഫോൺ : 9496464446

2. **തെരുവൻകുന്നേൽ**
   ശ്രീ. സെബാസ്റ്റ്യൻ റ്റി.ജെ, തെരുവൻകുന്നേൽ, പൊൻകുന്നം.
   ഫോൺ : 9496821499, 9400671630
   ശ്രീ. ടോമി സെബാസ്റ്റ്യൻ, മംഗലത്തിൽ, പാലാ. ഫോൺ : 8281945412

3. **മഞ്ഞക്കുന്നേൽ**
   ശ്രീ. ജോസ്, മഞ്ഞക്കുന്നേൽ, കരൂർ ഫോൺ : 9446539000

4. **പുത്തൻപുരയിൽ**
   ശ്രീ. ജോസുകുട്ടി പി.എം, ഞാവള്ളി പുത്തൻപുരയിൽ, കരൂർ
   ഫോൺ : 9447302303

5. **തെക്കേൽ**

ശ്രീ. സിറിയക്ക് ക്രിസ്റ്റഫർ തോമസ്, തെക്കേൽ പാലാ ഫോൺ : 9495020506

6. **പനമറ്റം**

ശ്രീ. കെ ജെ ടോമി, കാടൻകാവിൽ, കരൂർ. ഫോൺ:9446126883

ശ്രീ. മനോജ് സിറിയക്ക്, കാടൻകാവിൽ, പാലാ. ഫോൺ:9447489341

ശ്രീ. ഷാജി ചെറിയാൻ, കൂന്താനം, അഞ്ഞൂറ്റിമംഗലം. ഫോൺ:9447683796

7. **വിലങ്ങുപാറ**

ശ്രീ. വി.ജെ ജോസഫ്, വിലങ്ങുപാറ, കരൂർ. ഫോൺ: 9495928707

ശ്രീ. ജോർജ്ജ് ജോസഫ്, പൊന്നെടുത്താംകുഴിയിൽ, കരൂർ ഫോൺ:9447226794

8. **പുത്തൻപുരയ്ക്കൽ**

ശ്രീ. അലക്സ് കെ സി, കൂന്താനത്ത്, കരൂർ. ഫോൺ:9447420943

ശ്രീ. കുര്യാക്കോസ് അലക്സാണ്ടർ, കയത്തിൻകര, കരൂർ, ഫോൺ:9526610890

ശ്രീ. ജോസഫ് അഗസ്റ്റിൻ, പുത്തൻപുരയ്ക്കൽ, കരൂർ ഫോൺ:9446921990

9. **തറവാട്**

ശ്രീ. അലക്സ് കുര്യൻ, ഞാവള്ളിൽ ചേനക്കാലായിൽ, കരൂർ ഫോൺ:9446203761

ശ്രീ. അഗസ്റ്റിൻ ജോസഫ്, ആണ്ടുക്കുന്നേൽ, പയപ്പാർ ഫോൺ: 9446197525

ഡോ. ചാക്കോച്ചൻ ജെ ഞാവള്ളിൽ ചൂരനാട്ട്, കാഞ്ഞിരപ്പള്ളി ഫോൺ: 9447572513

ശ്രീ. സതീഷ് ഫ്രാൻസിസ്, ഞാവള്ളിൽ, ഏഴാച്ചേരി ഫോൺ: 9446551961

10. **വനിതാ പ്രതിനിധികൾ**

ശ്രീമതി മിലി.ജി.ഞാവള്ളിൽ, ഞാവള്ളിൽ, കരൂർ. ഫോൺ: 7034707807

ശ്രീമതി മേരി പോൾ, ഞാവള്ളിൽ, കരൂർ. ഫോൺ: 9446344991

11. **യുവജന പ്രതിനിധി**

ശ്രീ. മാണി.ജെ.ഞാവള്ളിൽ, ഞാവള്ളിപുത്തൻപുരയിൽ, കരൂർ. ഫോൺ:9496131049

12. **ഇന്റേർണൽ ഓഡിറ്റർ**

ശ്രീ. ജോസഫ് അഗസ്റ്റിൻ പുത്തൻപുരക്കൽ, കരൂർ. ഫോൺ:9446921990

13. **ലീഗൽ അഡ്വൈസർ**

ശ്രീമതി മേരി പോൾ, ഞാവള്ളിൽ, കരൂർ. ഫോൺ: 9446344991

# യൂണിറ്റ് ഭാരവാഹികൾ

**1. കൊച്ചി യൂണിറ്റ് (എറണാകുളം തൃശൂർ ജില്ലകൾ)**

| | | |
|---|---|---|
| പ്രസിഡന്റ് | : | ശ്രീ. അലക്സ് സിറിയക്, ഞാവള്ളിൽ<br>ഫോൺ:9388604605 |
| സെക്രട്ടറി | : | ക്യാപ്റ്റൻ ജോർജ് തോമസ്, തെക്കേൽ<br>ഫോൺ:9846332748 |
| ട്രഷറർ | : | ശ്രീ. റോയി അലക്സ് വിലങ്ങുപാറ<br>ഫോൺ:9846034801 |

**2. കാഞ്ഞിരപ്പള്ളി യൂണിറ്റ്**

**(കാഞ്ഞിരപ്പള്ളി ചങ്ങനാശ്ശേരി താലൂക്കുകൾ)**

| | | |
|---|---|---|
| പ്രസിഡന്റ് | : | ശ്രീ. സ്റ്റാൻലി കുര്യൻ ഞാവള്ളിൽ ചൂരനാട്ട്<br>ഫോൺ: 9495048033 |
| വൈസ് പ്രസിഡന്റ് | : | ശ്രീ. റോയി ജേക്കബ് ഞാവള്ളിൽ ചൂരനാട്ട്<br>ഫോൺ: 9447741653 |
| സെക്രട്ടറി | : | ശ്രീ. സ്കറിയ ലാലി ഞാവള്ളി, ഫോൺ: 9645506232 |
| ജോയിന്റ് സെക്രട്ടറി | : | ശ്രീ. ജോഷി എബ്രാഹം ഞാവള്ളി ചേനക്കാലായിൽ<br>ഫോൺ: 9946802248 |
| ട്രഷറർ | : | ശ്രീ. സെബാസ്റ്റ്യൻ റ്റി ജെ തെരുവൻകുന്നേൽ<br>ഫോൺ: 9496821499 |
| യുവജന പ്രതിനിധി | : | ശ്രീമതി സിസിലി സ്കറിയാ ഞാവള്ളി<br>ഫോൺ: 9995678583 |
| വനിതാ പ്രതിനിധികൾ | : | ഡോ. ഡാലി ചാക്കോച്ചൻ ഞാവള്ളിൽ<br>ചൂരനാട്ട്, ഫോൺ: 9447572766 |
| | : | ശ്രീമതി സെലീനാമ്മ ലാലി ഞാവള്ളി ചേനക്കാലായിൽ<br>ഫോൺ: 9846978898 |

3. **കോഴിക്കോട് യൂണിറ്റ്**

**(കോഴിക്കോട് വയനാട് മലപ്പുറം പാലക്കാട് ജില്ലകൾ)**

| | | |
|---|---|---|
| പ്രസിഡന്റ് | : | ശ്രീ. ഹാംലെറ്റ് എബ്രഹാം കൂന്താനം<br>ഫോൺ: 9846142515 |

| | | |
|---|---|---|
| വൈസ് പ്രസിഡന്റ് | : | ശ്രീ. സിറിയക് തോമസ് വിലങ്ങുപാറ<br>ഫോൺ: 9497304263 |
| സെക്രട്ടറി | : | ശ്രീ. ബിജു ജോസഫ് പനമറ്റത്തിൽ<br>ഫോൺ: 9495611843 |
| ജോയിന്റ് സെക്രട്ടറി | : | ശ്രീ. ഷാജു തോമസ് വിലങ്ങുപാറ<br>ഫോൺ: 9497304263 |
| ട്രഷറർ | : | ശ്രീ. സിബി ജോസഫ് മഞ്ഞക്കുന്നേൽ<br>ഫോൺ: 9497216123 |

4. **കണ്ണൂർ യൂണിറ്റ് (കണ്ണൂർ കാസർഗോഡ് ജില്ലകൾ, കർണാടക)**

| | | |
|---|---|---|
| രക്ഷാധികാരി | : | റവ.ഫാ. തോമസ് തെരുവൻകുന്നേൽ |
| പ്രസിഡന്റ് | : | ശ്രീ. കെ ടി ദേവസ്യ കൂന്താനത്ത്<br>ഫോൺ: 9447361605 |
| വൈസ് പ്രസിഡന്റ് | : | ശ്രീ. റ്റി വി കുര്യാച്ചൻ തെരുവൻകുന്നേൽ<br>ഫോൺ: 9495619509 |
| സെക്രട്ടറി | : | ശ്രീ. ടോമി ജോസഫ് ചാഞ്ഞപ്ലാക്കൽ<br>ഫോൺ: 9447353190 |
| ജോയിന്റ് സെക്രട്ടറി | : | ശ്രീ. രാജേഷ് പനമറ്റം<br>ഫോൺ: 9747211721 |
| ട്രഷറർ | : | ശ്രീ. ജോർജ്ജ് തോമസ് ഞാവള്ളിൽ<br>ഫോൺ: 9447481860 |
| കമ്മറ്റി മെമ്പേഴ്സ് | : | ശ്രീ. ജോസ് ജോസഫ് കയത്തിൻകര<br>ഫോൺ: 9447682839<br>ശ്രീ. കുഞ്ഞുമോൻ പനമറ്റത്തിൽ<br>ഫോൺ: 9496303807<br>ശ്രീ. ജോജി തെരുവൻകുന്നേൽ<br>ഫോൺ: 8281844538<br>ശ്രീ. വിൻസന്റ് ഞാവള്ളിൽ<br>ഫോൺ: 9447359877<br>ശ്രീ. ജോസഫ് മാത്യു ഞെഴുകുംകാട്ടിൽ<br>ഫോൺ: 9744032417 |

ശ്രീ. അപ്പച്ചൻ മംഗലത്തിൽ
ഫോൺ: 9447081466

വനിതാ പ്രതിനിധികൾ : ശ്രീമതി ജാനി തോമസ് കയത്തിൻകര
ഫോൺ: 9072877441
ശ്രീമതി മേരി തോമസ് കൊട്ടാരത്തുംമ്യാലിൽ
ഫോൺ: 9447797430

**പേരാവൂർ സബ് യൂണിറ്റ്**

പ്രസിഡന്റ് : ശ്രീ. ടോമി ജോസഫ് കയത്തിൻകര
ഫോൺ: 9446672636

സെക്രട്ടറി : ശ്രീ. ലൂക്കോസ് മംഗലത്തിൽ, ഫോൺ: 9645183585

ട്രഷറർ : ശ്രീ. സണ്ണി മംഗലത്തിൽ, ഫോൺ: 9497844787

ജോയിന്റ് സെക്രട്ടറി : അഡ്വ. കെ എഫ് ജോസഫ് കയത്തിൻകര
ഫോൺ: 9447648507

**പാലാവയൽ സബ് യൂണിറ്റ്**

പ്രസിഡന്റ് : ശ്രീ. ഔസേപ്പച്ചൻ ഞെഴുകുംകാട്ടിൽ
ഫോൺ: 9744032417

സെക്രട്ടറി : ശ്രീ. ജോജി തെരുവൻകുന്നേൽ
ഫോൺ: 8281844538

ട്രഷറർ : ശ്രീ. ജോൺസൺ പനമറ്റത്തിൽ
ഫോൺ: 9497649106

**ചെമ്പേരി സബ് യൂണിറ്റ്**

പ്രസിഡന്റ് : ശ്രീ. വിൻസെന്റ് ഞാവള്ളിൽ, ഫോൺ: 9447359877

സെക്രട്ടറി : ശ്രീ. തോമസ് തെരുവൻകുന്നേൽ
ഫോൺ: 9745834149

ട്രഷറർ : ശ്രീ. മാത്യു ഞാവള്ളിൽ, ഫോൺ: 9446215205

5. **ഇടുക്കി യൂണിറ്റ് (ഇടുക്കി ജില്ല)**

പ്രസിഡന്റ് : ശ്രീ ബേബി ജോസഫ് പഴയിടം
ഫോൺ: 9495508344

സെക്രട്ടറി : ശ്രീ. ടോം തോമസ് കയത്തിൻകര
ഫോൺ: 9447979712

ട്രഷറർ : ശ്രീ. ജോബി ജോസഫ് പഴയിടം
ഫോൺ: 9446132972

6. **ബാംഗ്ലൂർ യൂണിറ്റ്**

പ്രസിഡന്റ് : ശ്രീമതി ലീന ബെന്നി ഞാവള്ളിൽ
ഫോൺ: 9496992556

സെക്രട്ടറി : ശ്രീമതി എൽസ ജോസ്, ഫോൺ: 9900177722

ട്രഷറർ : ശ്രീ. റോജി അഗസ്റ്റിൻ, ഫോൺ: 9740833998

യൂത്ത് കോഡിനേറ്റർ : ശ്രീമതി റോസി സ്റ്റാൻലി, ഫോൺ: 8848061773

7. **യു.കെ (ഇംഗ്ലണ്ട്) യൂണിറ്റ്**

ഉപദേഷ്ടാവ് : ഡോ. ജോൺ എബ്രാഹം കോട്ടവാതുക്കൽ
ഫോൺ: +447974688869

പ്രസിഡന്റ് : ശ്രീ. മാത്യു അലക്സാണ്ടർ ആണ്ടുക്കുന്നേൽ
ഫോൺ: +44790495441

സെക്രട്ടറി : ശ്രീ. സഖറിയാസ് തോമസ് ഞാവള്ളിൽ
ഫോൺ: +447939539405

ശ്രീ. ബെന്നി തെരുവൻകുന്നേൽ
ഫോൺ: + 447398717843

ട്രഷറർ : ശ്രീ. സതീഷ് ഞാവള്ളിൽ
ഫോൺ: +447999108461

ശ്രീ. ബോണി മാത്യു ഞാവള്ളിൽ
ഫോൺ: +447975657931

കമ്മറ്റിയംഗങ്ങൾ : ശ്രീ. ജേക്കബ് പൗവ്വത്തിൽ, ഫോൺ: +447787782669

ശ്രീ. മെജോ കൂന്താനം, ഫോൺ: +447736546062

ശ്രീ. നോയൽ ജോർജ് തെരുവൻകുന്നേൽ
ഫോൺ: +447830044268

ശ്രീ. ഷിജു ജോസഫ് പഴയിടം
ഫോൺ: +447429627961

ശ്രീമതി. ജിനി ജോബ് ഞാവള്ളിൽ
ഫോൺ: +447530161574

ശ്രീമതി. റോഷ്നി റെനീഷ് കാടൻകാവിൽ
ഫോൺ: +447865987351

ശ്രീമതി. സീമ സതീഷ് ഞാവള്ളിൽ
ഫോൺ: +447547413331

ശ്രീമതി. സിനു ബിജു ജെയിംസ് തെരുവൻകുന്നേൽ
ഫോൺ: +447737479720

ശ്രീമതി. ജാൻസോ കെ. അലക്സ് പഴയിടം
ഫോൺ: +447435979111

# അറിയിപ്പുകൾ

- വെൽഫെയർ ഫണ്ടിൽ നിന്നും സഹായം ആവശ്യമുള്ളവർ ശാഖാ പ്രതിനിധികൾ കുടുംബ യൂണിറ്റ് ഭാരവാഹികൾ എന്നിവർ ആരെങ്കിലും വഴിയായി അപേക്ഷ നൽകേണ്ടതാണ്
- കുടുംബയോഗത്തിന്റെ ആയുഷ്കാല മെമ്പർഷിപ്പ് ഇതുവരെ എടുത്തിട്ടില്ലാത്തവർ വെബ് സൈറ്റിൽ നിന്നും ലഭ്യമായ അപേക്ഷ നൽകിയോ /നേരിട്ട് നൽകിയോ, ആയിരം രൂപ നൽകി എത്രയും വേഗം മെമ്പർഷിപ്പ് എടുക്കണം എന്ന് താല്പര്യപ്പെടുന്നു
- ഞാവള്ളിൽ കുടുംബയോഗം ചാരിറ്റബിൾ ട്രസ്റ്റിന്റെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ താഴെ കൊടുക്കുന്നു. അതുവഴിയായി വെൽഫെയർ ഫണ്ടിലേക്കും, മറ്റു ഫണ്ടുകളിലേക്കും സംഭാവനകൾ നൽകാവുന്നതാണ്.

| | | |
|---|---|---|
| Account No | : | 19320200000892 |
| Name | : | Njavallil Kudumbayogam Charitable Trust |
| Bank | : | Federal Bank, Kottaramattom, Pala |
| IFSC Code | : | FDRL0001932 |

## ഭരണസമിതിയിലേക്ക് ഈ വർഷം തിരഞ്ഞെടുപ്പ് നടത്തേണ്ട ഒഴിവുകളും വിരമിക്കുന്നവരും

**തെരുവൻകുന്നേൽ – 2**

ശ്രീ. സെബാസ്റ്റ്യൻ റ്റി.ജെ, തെരുവൻകുന്നേൽ, പൊൻകുന്നം.

ശ്രീ. ടോമി സെബാസ്റ്റ്യൻ, മംഗലത്തിൽ, പാലാ.

**മഞ്ഞക്കുന്നേൽ – 1**

ശ്രീ. ജോസ്, മഞ്ഞക്കുന്നേൽ, കരൂർ

**പുത്തൻപുരയ്ക്കൽ – 2**

ശ്രീ. അലക്സ് കെ സി കൂന്താനത്ത്, കരൂർ

ശ്രീ. ജോസഫ് അഗസ്റ്റിൻ, പുത്തൻപുരയ്ക്കൽ, കരൂർ

**യുവജന പ്രതിനിധി – 1**

ശ്രീ. മാണി.ജെ.ഞാവള്ളിൽ, ഞാവള്ളിപുത്തൻപുരയിൽ, കരൂർ

**വെൽഫെയർ ഫണ്ട്**

സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന കുടുംബാംഗങ്ങളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെയാണ് വെൽഫെയർ ഫണ്ട് രൂപീകരിച്ചിട്ടുള്ളത്. വെൽഫെയർ ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്ന നിക്ഷേപതുകയുടെ പലിശയും, ഉദാരമതികളിൽനിന്നും സംഭാവനയായി സ്വീകരിക്കുന്ന തുകയും ചേർത്താണ് അർഹരായ കുടുംബാംഗങ്ങൾക്ക് സഹായം നൽകുന്നത്. സഹായം ആവശ്യപ്പെടുന്നവരുടെ പേരുവിവരങ്ങൾ രഹസ്യമായി വയ്ക്കുന്നതാണ്.

കഴിഞ്ഞ വാർഷികത്തിനു ശേഷം, കുടുംബയോഗത്തിന്റെ വെൽഫെയർ ഫണ്ടിൽ നിന്നും സഹായം ആവശ്യപ്പെട്ടു രണ്ടു അംഗങ്ങളിൽ നിന്നും അപേക്ഷകൾ ലഭിച്ചിരുന്നു. ഒരാൾ തന്റെ മകന്റെ ചികിത്സാസഹായത്തിനായി 20000 രൂപ ആവശ്യപ്പെട്ടിരുന്നു. 4 വർഷമായി ഉദരസംബന്ധിയായ അസുഖം മൂലം ശൈയ്യാലംബനായ മറ്റൊരു കുടുംബാംഗവും, ധനസഹായത്തിന് അപേക്ഷിച്ചിരുന്നു. വെൽഫെയർ ഫണ്ടിൽ നീക്കിയിരുപ്പുള്ള 35000 രൂപയിൽ 20000 രൂപ ആദ്യത്തെ അംഗത്തിന് ചികിത്സാസഹായമായി നൽകയും ബാക്കി വന്ന തുകയും കുടുംബാംഗങ്ങളിൽ നിന്നും ഈ ആവശ്യത്തിലേക്കു വാട്ട്സാപ്പ് വഴി സഹായം അഭ്യർത്ഥിച്ചു ലഭിച്ച 27500 രൂപയും ചേർത്ത് 42500 രൂപ അദ്ദേഹത്തിന് നല്കാൻ സാധിച്ചു.

നമ്മുടെ കുടുംബാംഗങ്ങളിൽ സാമ്പത്തിക ബുദ്ധിമുട്ടു അനുഭവിക്കുന്ന അംഗങ്ങളെ സഹായിക്കുക എന്ന നല്ല ഉദ്ദേശ്യത്തോടുകൂടിയാണ് കുടുംബയോഗത്തിന്റെ വെൽഫെയർ നിധി രൂപീകരിച്ചിട്ടുള്ളത്. വെൽഫെയർ ഫണ്ടിന്റെ ബാങ്ക് നിക്ഷേപത്തിൽനിന്നു ലഭിക്കുന്ന പലിശയാണ് സഹായം നല്കാൻ ഉപയോഗിക്കുന്നത്.

ബാങ്ക് പലിശ വളരെ കുറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ പലിശ ഇനത്തിലുള്ള വരുമാനം ആവശ്യപ്പെടുന്നവർക്ക് സഹായം നല്കാൻ തികയാറില്ല. ആ അവസരത്തിൽ സഹായം ആവശ്യപ്പെട്ടു കൊണ്ട് കുടുംബയോഗത്തിന്റെ വാട്സാപ്പ് ഗ്രൂപ്പ് വഴി സന്ദേശമയയ്ക്കാറാണ് പതിവ്. എന്നാൽ വളരെക്കുറച്ചു തുക മാത്രമേ പിരിഞ്ഞുകിട്ടാറുള്ളു. അതിനാൽ പലപ്പോഴും സഹായം അഭ്യർത്ഥിച്ച വ്യക്തി അർഹിക്കുന്ന രീതിയിൽ സഹായം നല്കാൻ നമുക്ക് സാധിക്കാറില്ല.

നമ്മളിൽ പലരും ദശാംശം ആയിട്ടും മറ്റും വിവിധ കാരുണ്യപ്രവർത്തികൾക്കു സഹായം നൽകുന്നവരാണ്. അങ്ങനെ നൽകുന്ന തുകയിൽ ഒരംശം നമ്മുടെ വെൽഫെയർ നിധിയിലേക്കും സംഭാവനയായി നൽകുകയാണെങ്കിൽ, സഹായം ആവശ്യപ്പെടുന്ന നമ്മുടെ സഹോദരങ്ങളെ  അർഹിക്കുന്ന രീതിയിൽ സഹായിക്കാൻ കുടുംബയോഗത്തിനു കഴിയും. നമ്മുടെ മക്കളിൽ പലരും സ്വദേശത്തും വിദേശത്തുമായി വിവിധ ജോലികൾ ഉള്ളവരാണ്. അവരുടെ വരുമാനത്തിൽ നിന്ന് ഒരു ചെറിയ തുക കുടുംബയോഗത്തിന്റെ വെൽഫെയർ ഫണ്ടിലേക്ക് സംഭാവനയായി നൽകുകയാണെങ്കിൽ സഹായം ആഗ്രഹിക്കുന്ന കുടുംബാംഗങ്ങൾക്കു അർഹിക്കുന്ന രീതിയിൽ സഹായിക്കാൻ സാധിക്കും. മാതാപിതാക്കൾ തങ്ങളുടെ ജോലിയുള്ള മക്കളെ ഇതിനായിട്ടു പ്രേരിപ്പിക്കുകയും വേണം.

**ന്യൂസ് ലെറ്റർ**

ഏതാനും വർഷങ്ങളായി മൾട്ടി കളറിൽ മികച്ച രീതിയിൽ ന്യൂസ് ലെറ്ററുകൾ എല്ലാ കുടുംബാംഗങ്ങൾക്കും അയക്കുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്. അതിലേക്ക് പരസ്യങ്ങൾ തന്ന് സഹായിച്ചവരെ പ്രത്യേകമായി അഭിനന്ദിക്കുന്നു. ഈ വർഷവും,  ഈ ന്യൂസ് ലെറ്റർ എല്ലാ കുടുംബങ്ങൾക്കും അയക്കുവാൻ സാധിച്ചിട്ടുണ്ട്.

**ആയുഷ്ക്കാല അംഗത്വം**

കുടുംബയോഗത്തിന്റെ തുടക്കം മുതൽ ഏർപ്പെടുത്തിയ ആയിരം രൂപ മാത്രമാണ് ഇപ്പോഴും ആയുഷ്കാല മെമ്പർഷിപ്പ് ഫീസ് ആയിട്ടുള്ളത്. കുടുംബയോഗ പ്രവർത്തനങ്ങൾക്ക് ലഭ്യമായിട്ടുള്ള ഏക വരുമാനം ഈ തുകയുടെ പലിശ മാത്രമാണ്. ട്രസ്റ്റ് ആകുന്നതിനുമുമ്പ് കുടുംബനാഥന് മാത്രമായിരുന്നു മെമ്പർഷിപ്പ് കൊടുത്തിരുന്നെങ്കിൽ, ട്രസ്റ്റ് ആയതോടുകൂടി പ്രായപൂർത്തിയായ ഏതൊരു കുടുംബാംഗത്തിനും സ്ത്രീപുരുഷഭേദമന്യേ മെമ്പർഷിപ്പ് എടുക്കുവാൻ സാധിക്കും. ഇപ്പോൾ 342 ആയുഷ്ക്കാലാംഗങ്ങൾ മാത്രമാണ് നമുക്ക് ഉള്ളത്. അതിനാൽ പരമാവധി ആൾക്കാർ ആയുഷ്കാല മെമ്പർഷിപ്പ് എടുക്കണം എന്ന് താല്പര്യപ്പെടുന്നു.

**നന്ദിയുടെ ഒരു വാക്ക്**

2017 മുതൽ 6 വർഷക്കാലം തറവാട് ശാഖയുടെ പ്രതിനിധിയായി പ്രവർത്തിച്ച ശ്രീ. സി ഓ ഫ്രാൻസിസ് ഞാവള്ളിക്കും, 2020 മുതൽ തറവാട് ശാഖയെ പ്രതിനിധീ

കരിച്ച ശ്രീ. ജോസ് തോമസ് ഞാവള്ളിക്കും, അവർ കുടുംബയോഗത്തിനു നൽകിയ നിസ്വാർത്ഥമായ സേവനങ്ങൾക്കും നന്ദി അർപ്പിക്കുന്നു. കുടുംബയോഗത്തിന്റെ പ്രവർത്തനങ്ങൾക്ക് സഹായ സഹകരണങ്ങൾ നൽകിക്കൊണ്ടിരിക്കുന്ന കമ്മിറ്റി അംഗങ്ങൾ, വിവിധ യൂണിറ്റ് ഭാരവാഹികൾ, എന്നിവർക്കും സർവോപരി ഓരോ കുടുംബാംഗങ്ങൾക്കും ഭരണസമിതിയുടെ പേരിൽ പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

## 26-01-2023 ന് കരൂർ പള്ളി ഓഡിറ്റോറിയത്തിൽ വച്ച് നടന്ന വാർഷിക പൊതുയോഗത്തിന്റെ റിപ്പോർട്ട്.

ഞാവള്ളിൽ കുടുംബയോഗം ചാരിറ്റബിൾ ട്രസ്റ്റിന്റെ 26-ാം വാർഷിക പൊതുയോഗം 2023 ജനുവരി മാസം 26-ാം തീയതി കരൂർ തിരുഹൃദയ ദേവാലയ പാരിഷ് ഹാളിൽ വച്ച് നടത്തപ്പെട്ടു

സമ്മേളനത്തിന് മുന്നോടിയായി റവ.ഫാ. ജോർജ് തെരുവൻകുന്നേൽ, റവ. ഡോ. തോമസ് കാടൻകാവിൽ സി.എം.ഐ. എന്നിവരുടെ കാർമ്മികത്വത്തിൽ കരൂർ തിരുഹൃദയദേവാലയത്തിൽ ദിവ്യബലി അർപ്പിക്കുകയും മരിച്ചവർക്ക് വേണ്ടി സെമിത്തേരിയിൽ ഒപ്പീസ് നടത്തുകയും ചെയ്തു.

തുടർന്ന് സമ്മേളനവേദിയിൽ എത്തിച്ചേർന്ന അംഗങ്ങളെ ശ്രീ. മനോജ് സിറിയക് കാടൻകാവലിന്റെ നേതൃത്വത്തിൽ, ശ്രീ. സിറിയക് ക്രിസ്റ്റഫർ തോമസ് തെക്കേൽ, ശ്രീ. ഷാജി ചെറിയാൻ കൂന്താനം, ശ്രീ. ജോസ്കുട്ടി പി എം ഞാവള്ളി പുത്തൻപുരയിൽ എന്നിവർ ചേർന്ന് സ്വീകരിക്കുകയും രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുകയും ചെയ്തു. ലഘുഭക്ഷണത്തെ തുടർന്ന് ആൻഡ്രിയ ജോസ് ഞാവള്ളി, എൽസ ജോസ് കാടൻകാവിൽ എന്നിവർ ചേർന്ന് ആലപിച്ച പ്രാർത്ഥനാഗീതത്തോടെ 10.30ന് ആരംഭിച്ച സമ്മേളനത്തിൽ പ്രസിഡന്റ് ശ്രീ. അലക്സ് കെ. സി. കൂന്താനത്ത് അധ്യക്ഷത വഹിച്ചു. ശ്രീ അഗസ്റ്റിൻ ജോസഫ് ആണ്ടുക്കുന്നേൽ കുടുംബയോഗ പ്രാർത്ഥന നടത്തി. അതിനുശേഷം ചടങ്ങിൽ സംബന്ധിക്കുന്ന എല്ലാവർക്കും വൈസ് പ്രസിഡന്റ് ശ്രീ വി.ജെ. ജോസഫ് വിലങ്ങുപാറ സ്വാഗതമാശംസിച്ചു. തുടർന്ന് സെക്രട്ടറി കുര്യാക്കോസ് അലക്സാണ്ടർ കയത്തിൻകര വാർഷിക റിപ്പോർട്ടും, ട്രഷറർ ശ്രീ ടോമി സെബാസ്റ്റ്യൻ മംഗലത്തിൽ 2021-22 വർഷത്തെ ഓഡിറ്റഡ് വാർഷിക വരവു ചിലവു കണക്കുകളും അവതരിപ്പിക്കുകയും, രണ്ടും യോഗം അംഗീകരിക്കുകയും ചെയ്തു.


കഴിഞ്ഞ പൊതുയോഗത്തിനുശേഷം നമ്മുടെ കുടുംബത്തിൽ നിന്ന് 21 പേർ നമ്മെ വിട്ടുപിരിഞ്ഞു പോയി.

1. റവ. സിസ്റ്റർ ജെയിൻ ഫ്രാൻസിസ് സി.എം.സി, ഞാവള്ളിൽ വിലങ്ങുപാറ, കർമ്മലീത്ത മഠം, രാമപുരം
2. ജോസഫ് തെരുവൻകുന്നേൽ, മുതിരേരി, മാനന്തവാടി

# ഭരണസമിതി 2023–2024



രക്ഷാധികാരി
**റവ. ഡോ. തോമസ് കാടൻകാവിൽ CMI**



പ്രസിഡന്റ്
**അലക്സ് കെ. സി. കുന്താനത്ത്**
**കരൂർ**
**പുത്തൻപുരയ്ക്കൽ ശാഖ**



വൈസ് പ്രസിഡന്റ്
**വി.ജെ. ജോസഫ്**
**വിലങ്ങുപാറ, കരൂർ**
**വിലങ്ങുപാറ ശാഖ**



സെക്രട്ടറി
**കുര്യാക്കോസ് അലക്സാണ്ടർ**
**കയത്തിൻകര, കരൂർ**
**പുത്തൻപുരയ്ക്കൽ ശാഖ**



ജോയിന്റ് സെക്രട്ടറി
**സിറിയക് ക്രിസ്റ്റഫർ തോമസ്**
**തെക്കേൽ, പാലാ**
**തെക്കേൽ ശാഖ**



ട്രഷറർ
**ടോമി സെബാസ്റ്റ്യൻ**
**മംഗലത്തിൽ, പാലാ**
**തെരുവൻകുന്നേൽ ശാഖ**

# ശാഖ പ്രതിനിധികൾ



**പഴയിടം**

ജോസി ചെറിയാൻ

പഴയിടം, കരൂർ



**പുത്തൻപുരയിൽ**

ജോസുകുട്ടി പി. എം.

ഞാവള്ളി പുത്തൻപുരയിൽ, കരൂർ



**തെരുവൻകുന്നേൽ**

സെബാസ്റ്റ്യൻ റ്റി. ജെ.

തെരുവൻകുന്നേൽ, പൊൻകുന്നം



**മഞ്ഞക്കുന്നേൽ**

ജോസ് മഞ്ഞക്കുന്നേൽ

മഞ്ഞക്കുന്നേൽ, കരൂർ



**പനമറ്റം**

കെ ജെ ടോമി

കാടൻകാവിൽ കരൂർ



**പനമറ്റം**

മനോജ് സിറിയക്ക്

കാടൻകാവിൽ, പാലാ



**പനമറ്റം**

ഷാജി ചെറിയാൻ

കൂന്താനം

അഞ്ഞൂറ്റിമംഗലം



**വിലങ്ങുപാറ**

ജോർജ്ജ് ജോസഫ്

പൊന്നെടുത്താംകുഴിയിൽ

കരൂർ



**പുത്തൻപുരയ്ക്കൽ**

ജോസഫ് അഗസ്റ്റിൻ

പുത്തൻപുരയ്ക്കൽ, കരൂർ



**തറവാട്**

അലക്സ് കുര്യൻ

ഞാവള്ളിൽ, കരൂർ



**തറവാട്**

അഗസ്റ്റിൻ ജോസഫ്

ആണ്ടുക്കുന്നേൽ
പയപ്പാർ



**തറവാട്**

ഡോ. ചാക്കോച്ചൻ ജെ.

ഞാവള്ളിൽ ചൂരനാട്ട്, കാഞ്ഞിരപ്പള്ളി



**തറവാട്**

സതീഷ് ഫ്രാൻസിസ്

ഞാവള്ളിൽ, ഏഴാച്ചേരി



**വനിതാ പ്രതിനിധി**

മിലി. ജി. ഞാവള്ളിൽ

ഞാവള്ളിൽ, കരൂർ



**വനിതാ പ്രതിനിധി**

അഡ്വ. മേരി പോൾ

ഞാവള്ളിൽ, കരൂർ



**യുവജനപ്രതിനിധി**

മാണി. ജെ. ഞാവള്ളിൽ

ഞാവള്ളി പുത്തൻപുരയിൽ
കരൂർ

# യൂണിറ്റ് പ്രസിഡന്റുമാർ



കൊച്ചി യൂണിറ്റ്
**അലക്സ് സിറിയക് ഞാവള്ളിൽ**



കാഞ്ഞിരപ്പള്ളി യൂണിറ്റ്
**സ്റ്റാൻലി കുര്യൻ ഞാവള്ളിൽ**



കോഴിക്കോട് യൂണിറ്റ്
**ഹാംലെറ്റ് എബ്രഹാം കൂന്താനം**



കണ്ണൂർ യൂണിറ്റ്
**കെ ടി ദേവസ്യ കൂന്താനത്ത്**



ഇടുക്കി യൂണിറ്റ്
**ബേബി ജോസഫ് പഴയിടം**



ബാംഗ്ലൂർ യൂണിറ്റ്
**ലീന ബെന്നി ഞാവള്ളിൽ**



യു. കെ (ഇംഗ്ലണ്ട്) യൂണിറ്റ്
**മാത്യു അലക്സാണ്ടർ ആണ്ടുക്കുന്നേൽ**

3. ത്രേസിയാമ്മ ജോസഫ് തെരുവൻകുന്നേൽ, മഞ്ഞക്കടമ്പ്, കരിങ്കുന്നം
4. ടി.ഓ.ജോസഫ്, തെരുവൻകുന്നേൽ, പ്ലാന്റേഷൻ, അഴകംപാറ
5. പരേതനായ തൊമ്മൻ കുര്യൻ പഴയിടത്തിന്റെ മകൾ ബ്രിജിത്ത അഗസ്റ്റിൻ എരപൂഴിക്കര, തുടങ്ങനാട്
6. കെ.സി. ജോർജ് കോട്ടവാതുക്കൽ, എറണാകുളം
7. ത്രേസിയാമ്മ ദേവസ്യ പുത്തൻപുരയിൽ, ബെൽത്തങ്ങാടി
8. പരേതരായ തൊമ്മച്ചൻ-റോസാ ഞാവള്ളിൽ ചൂരനാട്ട് മകൾ അച്ചാമ്മ ജേക്കബ് മഴുവഞ്ചേരിയിൽ, മേലമ്പാറ
9. മറിയാമ്മ പനമറ്റത്തിൽ, ഓടക്കൊല്ലി, പാലാവയൽ.
10. ഞാവള്ളിൽ കണ്ണൻകുളം ത്രേസിയാമ്മയുടെ ഭർത്താവ് എം എ എബ്രഹാം മാന്തറ, കൊഴുവനാൽ.
11. ബേബി ജോസഫ് ഞാവള്ളിൽ കൂന്താനം, മണ്ണക്കനാട്.
12. അന്നക്കുട്ടി ജോസഫ് ഞാവള്ളിൽ കൂന്താനം, കരൂർ.
13. ചിറ്റാരിക്കൽ കാരയിൽ നെഴുകുംകാട്ടിൽ മോളി
14. ആലക്കോട് പനമറ്റത്തിൽ പി ജെ വർക്കിയുടെ മകൾ, പാലാ മുണ്ടുപാലം ചെമ്പുളായിൽ ഗീതാ ജോയി
15. തുടങ്ങനാട് തെരുവംകുന്നേൽ ആഗ്നസ് ജോസഫിന്റെ ഭർത്താവ് ജോസഫ് ചാക്കോ, കാവുംപുരക്കൽ, കരിംകുന്നം
16. ചാണ്ടി ചാണ്ടി, ഞാവള്ളിൽ കരൂർ
17. കരൂർ ഞാവള്ളിൽ പുത്തൻപുരയ്ക്കൽ ചാണ്ടി ജോസഫ്-മാമ്മി മകൾ ത്രേസ്യാമ്മ സെബാസ്റ്റ്യൻ, മൈലാടൂർ, മുണ്ടാങ്കൽ
18. ചിന്നമ്മ ജോസഫ്, തെക്കേൽ, കരൂർ
19. ത്രേസ്യാമ്മ അലക്സാണ്ടർ കയത്തിൻകര, കരൂർ
20. അന്ന തോമസ് കാടൻകാവിൽ, തിരുവനന്തപുരം
21. തങ്കമ്മ അലക്സാണ്ടർ ഞാവള്ളിൽ വിലങ്ങു പാറ, പാടിവട്ടം, എറണാകുളം

മരണമടഞ്ഞവരുടെ പേരുകൾ റിപ്പോർട്ടിൽ വായിക്കുകയും മൺമറഞ്ഞുപോയ ആത്മാക്കളുടെ നിത്യശാന്തിക്കായി ഒരു നിമിഷം എല്ലാവരും എഴുന്നേറ്റുനിന്ന് മൗന പ്രാർത്ഥന നടത്തുകയുമുണ്ടായി.

ഉദ്ഘാടകനായി നിശ്ചയിച്ചിരുന്ന റവ. ഡോ. ജോസഫ് തടത്തിൽ പങ്കെടുക്കാനായുള്ള അസൗകര്യം അറിയിച്ചതിനാലും, മുഖ്യാതിഥിയായ ശ്രീ. ജോസ് കെ മാണി എം.പി വൈകുമെന്നതിനാലും, യോഗം മറ്റു പരിപാടികളിലേക്ക് കടന്നു. ആദ്യ പരിപാടിയായി റവ. ഫാ. ജോർജ് തെരുവൻകുന്നേൽ കുടുംബയോഗത്തിനു ആശംസകൾ അർപ്പിച്ചു സംസാരിച്ചു. നമ്മുടെ കുടുംബാംഗം കൂടിയായ ബഹു. ജോർജ് അച്ചൻ തന്റെ ആശംസാപ്രസംഗത്തിൽ, നമ്മുടെ കുടുംബാംഗങ്ങൾ ലോകത്തിന്റെ നാനാഭാഗങ്ങളിലുമായി ഒത്തിരിയേറെ വലിയ വലിയ സംഭാവനകൾ നൽകിക്കൊണ്ടിരിക്കുന്നു എന്നത് അഭിമാനിക്കാവുന്ന ഒരു കാര്യമാണെന്ന് എടുത്തുപറയുകയും, കുടുംബാംഗങ്ങൾ എല്ലാവരും ഇതുപോലെ ഒരുമിച്ചു കൂടുന്നത് വലിയ സന്തോഷത്തിന്റെ നിമിഷമാണെന്നു ഓർക്കുകയും ചെയ്തു. അതിനുശേഷം എൽസ ജോസ് കാടൻ കാവിൽ നടത്തിയ ഡാൻസ് കാണികളെ ആഹ്ലാദിപ്പിച്ചു. തുടർന്ന് മുഖ്യാതിഥിയായ ശ്രീ. ജോസ് കെ മാണി എം.പി എത്തിച്ചേരുകയും അദ്ദേഹത്തെ വേദിയിലേക്ക് ആനയിച്ചു സ്വീകരിക്കുകയും ചെയ്തു.

അടുത്തതായി പ്രസിഡന്റ് ശ്രീ. അലക്സ് കെ സി കൂന്താനത്ത് നടത്തിയ അധ്യക്ഷപ്രസംഗത്തിൽ കുടുംബയോഗത്തിന്റെ ഈ വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ചു വിവരിക്കുകയും കുടുംബാംഗങ്ങൾ നൽകിയ സഹകരണത്തിന് നന്ദി പറയുകയും ചെയ്തു. കുടുംബാംഗങ്ങളുടെ സഹകരണത്തോടെ മൾട്ടികളറിൽ ഇറക്കിയ 2023-ലെ കലണ്ടറിനു അംഗങ്ങളിൽ നിന്ന് നല്ല പ്രതികരണമുണ്ടായി. കുടുംബയോഗത്തിന്റെ ഭാവി പരിപാടികളിലും എല്ലാ കുടുംബാംഗങ്ങളുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

തുടർന്ന് സംസാരിച്ച നമ്മുടെ രക്ഷാധികാരിയായി ബഹു. തോമസ് കാടൻകാവിൽ, ഞാവള്ളിൽ കുടുംബയോഗം എന്ന ഈ പ്രസ്ഥാനത്തിന് തുടക്കമിട്ടവരെ ഓർക്കുകയും അവരെ അഭിനനന്ദിക്കുകയൂം ചെയ്തു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കഴിഞ്ഞിരുന്ന ഒരു വലിയ സമൂഹത്തെ ഞാവള്ളിൽ കുടുംബയോഗം എന്ന ഒരു കുടക്കീഴിൽ ഒരുമിച്ചു കൂട്ടാൻ സാധിച്ചതുവഴി കുടുംബാഗങ്ങൾക്കു വലിയ ലാഭമാണ് ഉണ്ടായിരിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു.

ഉദ്ഘാടകനായി നിശ്ചയിച്ചിരുന്ന റവ. ഡോ. ജോസഫ് തടത്തിലിന്റെ അഭാവത്തിൽ പ്രസിഡന്റ്, മുഖ്യാതിഥിയായ ശ്രീ. ജോസ് കെ മാണി എം.പി.യെ സമ്മേളനം ഉദ്ഘാടനം ചെയ്യാൻ ക്ഷണിക്കുകയും ശ്രീ. ജോസ് കെ മാണി എം.പി നിലവിളക്കു തെളിച്ചു ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. തുടർന്ന് അദ്ദേഹം നടത്തിയ പ്രഭാഷണത്തിൽ ഞാവള്ളിൽ കുടുംബാംഗങ്ങൾ സമൂഹത്തിനു നൽകിയതും, നല്കിക്കൊണ്ടിരിക്കുന്നതുമായ സേവനങ്ങളെയും, സംഭാവനകളെയും എടുത്തു പറയുകയും അഭിനന്ദിക്കുകയും ചെയ്തു. കേരളത്തിലെ കർഷകർ നേരിട്ടുകൊണ്ടിരിക്കുന്ന വിവിധങ്ങളായ ബുദ്ധിമുട്ടുകളെക്കുറിച്ചു, പ്രത്യേകിച്ച്, ബഫർ സോൺ,

വന്യമൃഗശല്യം തുടങ്ങിയ പ്രശ്നങ്ങളെക്കുറിച്ചു വിശദീകരിക്കുകയും, ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ തന്നാലാവുന്നത് ചെയ്യുമെന്നു ഉറപ്പുനൽകുകയും ചെയ്തു. കുടുംബയോഗത്തിന്റെ ഭാവി പ്രവർത്തനങ്ങൾക്കു എല്ലാവിധ ആശംസകൾ നേരുകയും ചെയ്തു.

തുടർന്ന് ആൻഡ്രിയ ജോസ് ഞാവള്ളി നടത്തിയ ഇംഗ്ലീഷ് കവിതാപാരായണം വളരെ ഹൃദ്യമായിരുന്നു.

പിന്നീട് ആശംസകളർപ്പിച്ചു സംസാരിച്ച ബഹുമാനപ്പെട്ട കരൂർ പള്ളി വികാരി ഫാ. ജോസ് തറപ്പേൽ, വിവിധ മേഖലകളിൽ മികവ് തെളിയിക്കുന്ന കുടുംബാംഗങ്ങളെ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്ന കുടുംബയോഗത്തിന്റെ രീതി അഭിനന്ദാർഹമാണെന്നു പറഞ്ഞു. കൂടാതെ മരണമടഞ്ഞ കുടുംബാംഗങ്ങളുടെ ഭവനങ്ങൾ സന്ദർശിക്കുകയും, അവരെ ആശ്വസിപ്പിക്കുകയും അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു എന്നതും ഒരു നല്ല രീതിയാണ്. ഞാവള്ളിൽ കുടുംബയോഗം എന്ന ഈ കൂട്ടായ്മക്ക് സ്നേഹവും ഐക്യവും കാത്തുസൂക്ഷിക്കാനും, കുടുംബത്തിന്റെ പ്രശസ്തി നിലനിറുത്താനും സാധിക്കട്ടെയെന്ന് വികാരിയച്ചൻ ആശംസിച്ചു.

അതിനുശേഷം സഹോദരികളായ സെറ മരിയ കൂന്താനം, ശിൽപ ഷാജി കൂന്താനം, സ്റ്റെഫാനി ഷാജി കൂന്താനം എന്നിവർ അവതരിപ്പിച്ച സമൂഹനൃത്തം ആസ്വാദ്യകരമായിരുന്നു.

പിന്നീട് ഈ വർഷത്തെ വിവിധ സ്കോളർഷിപ്പുകളും അവാർഡുകളും പുരസ്കാരങ്ങളും ലഭിച്ചവരുടെ പേരുകൾ പ്രഖ്യാപിക്കുകയും അവ വിതരണം ചെയ്യുകയും ചെയ്തു.

## ഈ വർഷത്തെ വിവിധ സ്കോളർഷിപ്പുകളും അവാർഡുകളും പുരസ്കാരങ്ങളും അവ ലഭിച്ച വ്യക്തികളും.

1. **കെ സി സെബാസ്റ്റ്യൻ, കാടൻകാവിൽ (മുൻ എം.പി) മെമ്മോറിയൽ എൻഡോവ്മെന്റ്– Rs. 2000.00**

   ഞാവള്ളിൽ കുടുംബാംഗങ്ങൾ രചിച്ച മികച്ച സാഹിത്യ കൃതിക്കുള്ള ഈ അവാർഡ് റവ. ഡോ. തോമസ് കാടൻകാവിൽ സി.എം.ഐ രചിച്ച 'To Holiness through Simplicity' എന്ന കൃതിക്ക് ലഭിച്ചു

2. **ഫ്രാൻസിസ് തോമസ്, കയത്തിൻകര മെമ്മോറിയൽ സ്കോളർഷിപ്പ് - Rs. 2000.00**

   കുടുംബാംഗങ്ങളുടെ മക്കളിൽ ഈ വർഷം പത്താം ക്ലാസ് പരീക്ഷയിൽ (സി.ബി.എസ്.ഇ/ ഐസിഎസ്ഇ/ സ്റ്റേറ്റ് സിലബസ്) ഏറ്റവും കൂടുതൽ മാർക്ക്/ ഗ്രേഡ് കരസ്ഥമാക്കിയവർക്ക് ഏർപ്പെടുത്തിയ ഈ സ്കോളർഷിപ്പിന്

താഴെ പറയുന്നവർ അർഹരായി

1. എലിസബത്ത് റോസ് അലക്സ്, ഞാവള്ളിൽ പുത്തൻപുരക്കൽ, കരൂർ
2. തെരേസാ ജോബിൻ, മംഗലത്തിൽ നീലൂർ
3. അനന്യ എൽസാ ഷിബു, പനമറ്റത്തിൽ, കരൂർ
4. കാതറിൻ എലിസബത്ത് ഷാജി, പഴയിടത്ത്, മുത്തോലപുരം
5. മിഷേൽ സെബാസ്റ്റ്യൻ, ഞാവള്ളിൽ പുത്തൻപുരക്കൽ, രാജഗിരി

സ്പോൺസർ നൽകിയ 2500 രൂപയും, കുടുംബയോഗത്തിന്റെ വക 2500 രൂപയും ചേർത്ത് ഓരോ കുട്ടിക്കും 1000 രൂപ വീതം സ്കോളർഷിപ്പും, മെറിറ്റ് സർട്ടിഫിക്കറ്റുകളും നൽകി.

3. **കെ എഫ് ജോസഫ്, കൂന്താനം മെമ്മോറിയൽ സ്കോളർഷിപ്പ് -Rs. 2000.00**

കുടുംബാംഗങ്ങളുടെ മക്കളിൽ ഈ വർഷം പ്ലസ് ടു പരീക്ഷയിൽ (സിബിഎസ്ഇ/ ഐസിഎസ്ഇ/ സ്റ്റേറ്റ് സിലബസ്) ഏറ്റവും കൂടുതൽ മാർക്ക്/ഗ്രേഡ് കരസ്ഥമാക്കിയവർക്കായി ഏർപ്പെടുത്തിയ ഈ അവാർഡിന് അന്ന സതീഷ്, ഞാവള്ളിൽ, ഏഴാച്ചേരി അർഹയായി

4. **റവ. സി. ജെയിംസ് മേരി സി.എം.സി, ഞാവള്ളി പുത്തൻപുരയിൽ മെമ്മോറിയൽ സ്കോളർഷിപ്പ് - Rs. 2000.00**

വേദപാഠത്തിന് പന്ത്രണ്ടാം ക്ലാസ്സിൽ ഒന്നാം സ്ഥാനത്തിന് ഏർപ്പെടുത്തിയ ഈ അവാർഡ്, അലീന മരിയ ജോസ്, ഞാവള്ളിൽ, കരൂർ കരസ്ഥമാക്കി

5. **കെ കെ സിറിയക്, കാടൻകാവിൽ മെമ്മോറിയൽ സ്കോളർഷിപ്പ് – 2000 രൂപയും മൊമെന്റോയും**

ഈ സ്കോളർഷിപ്പിന്, വേദപാഠത്തിന് പത്താം ക്ലാസിൽ, ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച നിയാ ആൻ ടോം, ഞാവള്ളിൽ പുത്തൻപുരയിൽ, പാലാ അർഹയായി

6. **ചെറിയാൻ ജോസഫ്, കൂന്താനം മെമ്മോറിയൽ കാഷ് അവാർഡ് – 2000 രൂപയും മൊമെന്റോയും.**

പാഠ്യേതര വിഷയങ്ങളിൽ മികവ് തെളിയിച്ച താരത്തിനുള്ള ഈ അവാർഡ് ഷാരോൺ ഷാജി, കൂന്താനം, പ്ലാശനാൽ കരസ്ഥമാക്കി

7. **കുരുവിള ജോസഫ് പഴയിടം മെമ്മോറിയൽ കാഷ് അവാർഡ് ഞാവള്ളിൽ ലൈഫ് ടൈം ഹെൽത്തി ലൈഫ് സ്റ്റൈൽ എൻഡോവ്മെന്റ് രൂപ 3000.**

ശരിയായ ജീവിതശൈലിയിലൂടെ പൂർണ്ണ ആരോഗ്യവാന്മാരായി ജീവിതം നയിക്കുന്ന 70 വയസ്സിനുമേൽ പ്രായമുള്ള കുടുംബാംഗത്തിനായി ഏർപ്പെടുത്തിയ ഈ അവാർഡിന് ശ്രീ. കെ.എം. ജോസഫ്, കൂന്താനം, മണിമല, ശ്രീമതി മേരി പോൾ, ഞാവള്ളിൽ കരൂർ എന്നിവർ അർഹരായി

8. **അന്ന ജോസഫ് പഴയിടം മെമ്മോറിയൽ ക്യാഷ് അവാർഡ് ഞാവള്ളിൽ ലൈഫ് സ്റ്റൈൽ റിജന്യൂവേഷൻ എൻഡോവ്മെന്റ് രൂപ 3000**

ജീവിതശൈലി രോഗങ്ങൾ വന്നുകഴിഞ്ഞ് ശരിയായ ജീവിതശൈലി ക്രമീകരണത്തിലൂടെ പൂർവ്വാധികം ആരോഗ്യം തിരിച്ചുപിടിച്ച 70 വയസ്സിന് താഴെയുള്ള കുടുംബാംഗത്തിനുള്ള ഈ അവാർഡിന് ഇത്തവണ അപേക്ഷകർ ആരും ഇല്ലാത്തതിനാൽ പ്രഖ്യാപിച്ചിട്ടില്ല.

## ഈ വർഷം വിവാഹം കഴിച്ച നവദമ്പതികൾ

1. **ലിയാ ആൻ ജോസ് & തോംസൺ മാത്യു**, D/o ജോസ് കുര്യൻ & അനിത ഞാവള്ളിൽ തെക്കേൽ (പുതിയിടത്തുപ്രാവിൽ), കരൂർ
2. **തരുൺ ടോം & പൂർണിമ**, S/o ടോം തോമസ് & ഫോൺസി, ഞാവള്ളിൽ തെക്കേൽ, പാലാ
3. **ജോഫി ജെ ഞാവള്ളിൽ & ആഷ്‌ലി പ്രിൻസ്**, S/o ജെയിംസ് കുര്യൻ (late) & ജാൻസി ജെയിംസ് ഞാവള്ളി പുത്തൻപുരയിൽ, കരൂർ
4. **അപ്പു മാത്യു ജോസഫ് & മിത മോഹൻ** S/o ഡോ. ജോണി ജോസഫ് & റാണി ജോസഫ്, ഞാവള്ളിൽ പഴയിടത്ത്, തെള്ളകം
5. **ടിസ് ടോം & ആൽവിൻ മാത്യു**, D/o ടോം തോമസ് & മിനു ടോം, ഞാവള്ളിൽ കയത്തിൻകര, അറക്കുളം
6. **നീന ജോസഫ് & രാഹുൽ**, D/o ജോസഫ് എബ്രഹാം & ഗ്രേസി ഞാവള്ളിൽ പുത്തൻപുരയിൽ, പാലാ
7. **മാത്തച്ചൻ എബ്രാഹം & ജോൽഡ ജോഷി**, S/o എബ്രഹാം അലക്സാണ്ടർ & കുസുമം ആണ്ടൂക്കുന്നേൽ, അന്ത്യാളം
8. **ഡിവൈൻ എബ്രഹാം & എമിലി ജോസ്**, S/o എബ്രഹാം അലക്സാണ്ടർ & കുസുമം ആണ്ടൂക്കുന്നേൽ, അന്ത്യാളം

## അമ്പതാം വ്രത വാഗ്ദാനവാർഷികം

റവ. സി. മെറ്റിൽഡ് ഞാവള്ളിൽ സിഎംസി

## അമ്പതാം പൗരോഹിത്യ വാർഷികം

റവ. ഫാ.ജോസ്, ഞാവള്ളിൽ കാടൻകാവിൽ സി.എം.ഐ

## ഇരുപത്തിയഞ്ചാം വിവാഹ വാർഷികം

1. **ജോർജ് കുര്യൻ & ബിന്ദു**, ഞാവള്ളിൽ തെക്കേൽ (പുതിയിടത്തുപ്രാവിൽ), കരൂർ
2. **ജോജു സിറിയക് & ആഗ്നസ്**, ഞാവള്ളിൽ കാടൻകാവിൽ, തിരുവമ്പാടി

## വിവിധ മേഖലകളിൽ അംഗീകാരം ലഭിച്ചവർ

1. ജോസുകുട്ടി പി എം ഞാവള്ളിൽ - കിഴതടിയൂർ സർവീസ് സഹകരണ ബാങ്ക് ഡയറക്ടർ ബോർഡ് അംഗമായി തിരഞ്ഞെടുക്കപ്പെട്ടു.

2. കുര്യാച്ചൻ തെരുവൻകുന്നേൽ - മികച്ച ജൈവ കർഷകനുള്ള സംസ്ഥാന അവാർഡ് കരസ്ഥമാക്കി

3. മെറിറ്റ സ്റ്റാൻലി - മംഗലാപുരം യൂണിവേഴ്സിറ്റി 2022 ൽ നടത്തിയ M.Sc കെമിസ്ട്രി പരീക്ഷ രണ്ടാം റാങ്ക് കരസ്ഥമാക്കി

4. ജോസ് തോമസ് ഞാവള്ളി - മണർകാട് ലയൺസ് ക്ലബ്ബ് ട്രഷറർ, കേരള സ്റ്റേറ്റ് സ്മോൾ ഇൻഡസ്ട്രീസ് അസോസിയേഷൻ, കോട്ടയം ജില്ലാ യൂണിറ്റ് സെക്രട്ടറി എന്നീ പദവികളിൽ തിരഞ്ഞെടുക്കപ്പെട്ടു.

5. സെലിൻ ട്രീസ സുബിൻ - പ്രവാസി ഗ്ലോബൽ മീറ്റ്, പാലാ എപ്പാർക്കി 2022, നടത്തിയ ജൂനിയർ വിഭാഗം ഭക്തിഗാന മത്സരത്തിൽ രണ്ടാം സമ്മാനം ലഭിച്ചു.

6. ജോയ്സ് സെബാസ്റ്റ്യൻ ഞാവള്ളിൽ പുത്തൻപുരയ്ക്കൽ - പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് അംഗമായി നിയമിതനായി.

7. സൂസി മാത്യു, പഴയിടത്ത് - ശ്രീലങ്കയിലെ കൊളംബോയിൽ നടന്ന ഏഷ്യൻ മാസ്റ്റേഴ്സ് അത്‌ലറ്റിക് മീറ്റ് 2023-ൽ 400 മീറ്ററിൽ സ്വർണ്ണ മെഡൽ.

8. ഡോ. ജോഷി വി ചെറിയാൻ, ഞാവള്ളി വിലങ്ങുപാറ - ജോഷിയുടെ കമ്പനി ഒമേഗ ഇക്കോടെക് പ്രോഡക്റ്റ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് ജൈവമാലിന്യ സംസ്കരണ മേഖലയിൽ രണ്ട് പേറ്റന്റുകൾ കരസ്ഥമാക്കി.

ഇതേതുടർന്ന് ചടങ്ങിൽ സംബന്ധിച്ചിരുന്ന കാഞ്ഞിരപ്പള്ളി യൂണിറ്റ് പ്രസിഡന്റ് ശ്രീ. സ്റ്റാൻലി കുര്യൻ ഞാവള്ളിൽ, ഇടുക്കി യൂണിറ്റ് പ്രസിഡന്റ് ശ്രീ. ബേബി ജോസഫ് പഴയിടം, യു കെ ശാഖയെ പ്രതിനിധീകരിച്ചു പ്രസിഡന്റ് ശ്രീ. മാത്യു അലക്സാണ്ടർ ആണ്ടൂക്കുന്നേൽ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

ശ്രീ കെ എം മാത്യു കൂന്താനം സ്പോർട്സ് & ഗെയിംസ് വിഭാഗത്തിൽ മികവ് കാട്ടുന്ന ഒരു കുടുംബാംഗത്തിനായി ഒരു എവർറോളിങ്ങ് ട്രോഫി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതായി അറിയിക്കുകയുണ്ടായി.

അന്നാ ഫ്രാൻസിസ് വിലങ്ങുപാറ ആസ്വാദകരമായ ഒരു നൃത്തം വേദിയിൽ അവതരിപ്പിച്ചു.

അതിനുശേഷം ഭരണസമിതിയിലേക്ക് ഒഴിവുവന്ന സ്ഥാനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് നടന്നു. ഒഴിവുകളിലേക്ക് താഴെ പറയുന്നവർ തിരഞ്ഞെടുക്കപ്പെട്ടു.

പുത്തൻപുരയിൽ ശാഖാ പ്രതിനിധിയായി ശ്രീ. ജോസുകുട്ടി പി.എം. ഞാവ ള്ളിപുത്തൻപുരയിൽ തിരഞ്ഞെടുക്കപ്പെട്ടു.

തെക്കേൽ ശാഖാ പ്രതിനിധിയായി ശ്രീ. സിറിയക്ക് ക്രിസ്റ്റഫർ തോമസ് തെക്കേലും, പുത്തൻപുരയ്ക്കൽ ശാഖാ പ്രതിനിധിയായി ശ്രീ. കുര്യാക്കോസ് അല ക്സാണ്ടർ, കയത്തിൻകരയും വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു.

തറവാട് ശാഖാ പ്രതിനിധികളായി ശ്രീ. അലക്സ് കുര്യൻ ഞാവള്ളിൽ, ശ്രീ. അഗസ്റ്റിൻ ജോസഫ് ആണ്ടുക്കുന്നേൽ, എന്നിവർ വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു. ശ്രീ. ജോസ് തോമസ് ഞാവള്ളിയും, ശ്രീ. സി.ഓ. ഫ്രാൻസിസ് ഞാവള്ളിയും വിരമിച്ച ഒഴി വുകളിലേക്ക് യഥാക്രമം ഡോ. ചാക്കോച്ചൻ ജെ ഞാവള്ളിയും, സതീഷ് ഫ്രാൻസിസ് ഞാവള്ളിയും തിരഞ്ഞെടുക്കപ്പെട്ടു.

തിരഞ്ഞെടുപ്പുകൾ എല്ലാം ഐക്യകണ്ഠേന ആയിരുന്നു നടത്തിയത്

പുതുതായി തെരഞ്ഞെടുക്കപ്പെട്ട എല്ലാ പ്രതിനിധികളെയും പ്രസിഡന്റ് ഹാർ ദ്ദവമായി സ്വാഗതം ചെയ്യുകയും, വിരമിച്ച പ്രതിനിധികളായ ശ്രീ. ജോസ് തോമസ് ഞാവള്ളിൽ, ശ്രീ. സി.ഓ.ഫ്രാൻസിസ് ഞാവള്ളിൽ എന്നിവരുടെ സേവനങ്ങളെ പ്രശംസിക്കുകയും, നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

പിന്നീട് ഞാവള്ളിൽ കുടുംബത്തിലെ 9 ശാഖകളിലും പെട്ട അംഗങ്ങൾ ശാഖ തിരിച്ച് പരിചയപ്പെടുത്തുകയും ഫോട്ടോ എടുക്കുകയും ചെയ്തു.

200 ൽ പരം അംഗങ്ങളാണ് പൊതുയോഗത്തിൽ പങ്കെടുത്തത്.

പൊതുയോഗത്തിൽ പങ്കെടുത്ത വിശിഷ്ടാതിഥികൾ എല്ലാവർക്കും കുടുംബ യോഗത്തിന്റെ വകയായി ഉപഹാരങ്ങൾ നൽകുകയുണ്ടായി

ശ്രീ കെ ജെ ടോമി കാടൻകാവിൽ യോഗത്തിൽ സംബന്ധിച്ച എല്ലാവർക്കും ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തി.

ഏകദേശം ഒന്നര മണിയോടെ യോഗനടപടികൾ അവസാനിച്ചു. ദേശീയഗാ നാലാപനത്തോടെ എല്ലാവരും ഉച്ചഭക്ഷണത്തിനായി പിരിഞ്ഞു.

കുറ്റമറ്റരീതിയിൽ 26-ാം വാർഷികസമ്മേളനം നടത്തുവാൻ സഹായിച്ച എല്ലാ അംഗങ്ങൾക്കും പ്രത്യേകിച്ച് കമ്മിറ്റി അംഗങ്ങൾക്കും യൂണിറ്റ് ഭാരവാഹികൾക്കും നന്ദി രേഖപ്പെടുത്തുന്നു. സമ്മേളനം നടത്താൻ ഹാൾ സൗകര്യം ഒരുക്കിത്തന്ന കരൂർ പള്ളി അധികാരികൾക്ക് നന്ദി രേഖപ്പെടുത്തുന്നു. സമ്മേളനത്തിന്റെ ചെലവിലേക്ക് സാമ്പത്തികസഹായം നൽകിയവർക്ക് നന്ദിയർപ്പിക്കുന്നു. സമ്മേളനത്തിനുവേണ്ടി ഹാളിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്താൻ സഹായിച്ച നമ്മുടെ കമ്മിറ്റി അംഗങ്ങ ളായ ശ്രീ. ഔസേപ്പച്ചൻ മഞ്ഞക്കുന്നേലിനും, ശ്രീ. ജോസി ചെറിയാൻ പഴയിടത്തി നും, ശ്രീ. ജോസഫ് അഗസ്റ്റിൻ പുത്തൻപുരയ്ക്കലിനും രജിസ്ട്രേഷൻ നടപടിക

ളിൽ സഹായിച്ച ശ്രീ. മനോജ് സിറിയക്ക് കാടൻകാവിൽ, ശ്രീ. സിറിയക്ക് ക്രിസ്റ്റഫർ തോമസ് തെക്കേൽ, ശ്രീ. ഷാജി ചെറിയാൻ കൂന്താനം, ശ്രീ. ജോസുകുട്ടി പി.എം. ഞാവള്ളിപുത്തൻപുരയിൽ എന്നിവർക്കും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. സമ്മേളന നടത്തിപ്പിലേക്കായി ഫണ്ട് ശേഖരണത്തിന് സഹായിച്ച ശ്രീ. വി. ജെ. ജോസഫ് വിലങ്ങുപാറ, ശ്രീ. അലക്സ് കെ സി കൂന്താനത്ത്, ശ്രീ. ടോമി സെബാസ്റ്റ്യൻ മംഗലത്തിൽ, ശ്രീ. ജോസ്കുട്ടി പി എം ഞാവള്ളിപുത്തൻപുരയിൽ, ശ്രീ. സിറിയക് ക്രിസ്റ്റഫർ തോമസ് തെക്കേൽ, ശ്രീ. സി.ഓ.ഫ്രാൻസിസ് ഞാവള്ളിൽ, ശ്രീ. ഔസേപ്പച്ചൻ മഞ്ഞക്കുന്നേൽ എന്നിവർക്കും, സമ്മേളനത്തിന്റെ അവതാരകയായിരുന്ന മിലി ജി ഞാവള്ളിക്കും നന്ദി രേഖപ്പെടുത്തുന്നു. വിഭവസമൃദ്ധമായ ഉച്ചഭക്ഷണവും ലഘുഭക്ഷണവും നൽകിയ പാലാ മിൽക്ക് ബാർ അധികാരികൾക്കും പ്രത്യേകിച്ച് കമ്മിറ്റി അംഗം ശ്രീ. ജോർജ് ജോസഫ് പൊന്നെടുത്താംകുഴിക്കും നന്ദി രേഖപ്പെടുത്തുന്നു.

കുടുംബയോഗത്തിന്റെ പ്രവർത്തനങ്ങളിൽ ഞങ്ങൾക്ക് മാർഗ്ഗദീപവും, വഴികാട്ടിയുമായ റവ. ഡോ. തോമസ് കാടൻകാവിൽ അച്ചന് ഞാവള്ളിൽ കുടുംബയോഗത്തിന്റെ നന്ദിയുടെ നറുമലരുകൾ അർപ്പിക്കുന്നു

വിശിഷ്ടാതിഥികളെ ക്ഷണിക്കാൻ മുൻകൈ എടുത്ത പ്രസിഡന്റ് ശ്രീ. അലക്സ് കെ സി കൂന്താനത്ത്, ട്രഷറർ ശ്രീ. ടോമി സെബാസ്റ്റ്യൻ മംഗലത്തിൽ, മുൻപ്രസിഡന്റ് ശ്രീ. കെ ജെ ടോമി കാടൻകാവിൽ, ശ്രീ. ടി ജെ സെബാസ്റ്റ്യൻ തെരുവൻകുന്നേൽ, ശ്രീ. സതീഷ് ഫ്രാൻസിസ് ഞാവള്ളിൽ എന്നിവരെയും നന്ദിയോടെ ഓർക്കുന്നു.

അതിഥികളെ സ്വീകരിക്കാനും, ഭക്ഷണവിതരണത്തിനും, സമ്മേളനത്തിന്റെ സുഗമമായ നടത്തിപ്പിന് സഹായിക്കുകയും ചെയ്ത കമ്മിറ്റി അംഗങ്ങളായ, ശ്രീ. അഗസ്റ്റിൻ ജോസഫ് ആണ്ടുക്കുന്നേൽ, ശ്രീ അലക്സ് കുര്യൻ ഞാവള്ളിൽ, ശ്രീ ജോസ് തോമസ് ഞാവള്ളിൽ, ശ്രീമതി മേരി പോൾ ഞാവള്ളിൽ, ശ്രീ. മാണി ജെ ഞാവള്ളി എന്നിവർക്കും നന്ദി.

തങ്ങളുടെ മഹനീയ സാന്നിധ്യം കൊണ്ട് ഈ വാർഷിക സമ്മേളനം വിജയിപ്പിക്കാൻ സഹായിച്ച മുൻ ഭാരവാഹികൾ, മുൻകമ്മിറ്റിഅംഗങ്ങൾ, വിവിധ യൂണിറ്റ് ഭാരവാഹികൾ, മറ്റു കുടുംബാംഗങ്ങൾ, അഭ്യുദയകാംക്ഷികൾ  എന്നിവർക്കും കുടുംബയോഗത്തിന്റെ പേരിൽ നന്ദി പറയുന്നു.

അവസാനമായി നമ്മെ അനുനിമിഷം കാത്തുപരിപാലിക്കുകയും, വഴിനടത്തുകയും അനുഗ്രഹങ്ങൾ ചൊരിയുകയും ചെയ്തുകൊണ്ടിരിക്കുന്ന സർവശക്തനായ ദൈവത്തിനു നന്ദി പറഞ്ഞുകൊണ്ട് ഈ റിപ്പോർട്ട് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

## വിവിധ യൂണിറ്റ് വാർഷിക റിപ്പോർട്ടുകൾ

**ഇടുക്കി യൂണിറ്റ് വാർഷിക പൊതുയോഗം – 07.01.2023**

ഞാവള്ളിൽ കുടുംബയോഗം ഇടുക്കി യൂണിറ്റിന്റെ വാർഷിക പൊതുയോഗം 2023 ജനുവരി 7-ാം തീയതി ശനിയാഴ്ച വൈകുന്നേരം നാലുമണിക്ക് മുട്ടം സെന്റ് മേരീസ് പള്ളി (ഊരക്കുന്നു പള്ളി) ഹാളിൽ, യൂണിറ്റ് പ്രസിഡന്റ് ശ്രീ. പി.ജെ മാത്യു പഴയിടത്തിന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. ഏകദേശം 40 ആളുകൾ പങ്കെടുത്ത യോഗം കുടുംബയോഗപ്രാർത്ഥനയോടെ ആരംഭിച്ചു. ശ്രീ. ഔസേപ്പച്ചൻ പഴയിടം യോഗത്തിനു സ്വാഗതം ആശംസിച്ചു. തുടർന്ന് നമ്മുടെയിടയിൽനിന്നും വേർപിരിഞ്ഞ കുടുംബാംഗങ്ങളുടെ ആത്മാക്കളുടെ ഓർമ്മക്കായി ഒരു നിമിഷം എല്ലാവരും എണീറ്റു നിന്ന് മൗനപ്രാർത്ഥന നടത്തി.

സെക്രട്ടറി ശ്രീ. ടോം തോമസ് കയത്തിൻകരക്ക് അത്യാവശ്യ കാര്യത്തിന് പോകേണ്ടി വന്നതിനാൽ യൂണിറ്റ് പ്രസിഡന്റ് ശ്രീ. പി.ജെ മാത്യു പഴയിടം തൻവർഷത്തെ പ്രവർത്തന റിപ്പോർട്ടും, കണക്കുകളും അവതരിപ്പിക്കുകയും യോഗം രണ്ടും അംഗീകരിക്കുകയും ചെയ്തു. തുടർന്ന് കുടുംബയോഗം കേന്ദ്ര കമ്മിറ്റി പ്രസിഡന്റ് ശ്രീ. അലക്സ് കെ.സി കൂന്താനത്ത്, സെക്രട്ടറി ശ്രീ. കുര്യാക്കോസ് അലക്സാണ്ടർ കയത്തിൻ കര, വൈസ് പ്രസിഡന്റ് ശ്രീ വി.ജെ ജോസഫ് വിലങ്ങുപാറ, ട്രഷറർ ശ്രീ. ടോമി സെബാസ്റ്റ്യൻ മംഗലത്തിൽ, പഴയിടം ശാഖാ പ്രതിനിധി ശ്രീ. ജോസി ചെറിയാൻ പഴയിടം എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു.

വൈക്കം സെന്റ് സേവിയേർസ് കോളേജ് മുൻ പ്രിൻസിപ്പൽ ഡോ. രാജു.സി. മാവുങ്കൽ, ശ്രീ. സുബിൻ പഴയിടം എന്നിവരും ആശംസാപ്രസംഗം നടത്തി.

ശ്രീ. പി.ടി മാത്യു പഴയിടം (കുഞ്ഞുമത്തായി) നിത്യജീവിതത്തിൽ യോഗയുടെ പ്രാധാന്യത്തെക്കുറിച്ചു സംസാരിക്കുകയും, തന്റെ ആരോഗ്യത്തിന്റെ രഹസ്യം സ്ഥിരമായി യോഗാസനം ചെയ്യുന്നതാണെന്ന് പറയുകയും ചെയ്തു. എതാനും ചില യോഗാസനമുറകൾ സദസ്സിനു മുൻപിൽ അദ്ദേഹം അവതരിപ്പിക്കുകയും ചെയ്തു.

അഖിലേന്ത്യ മാസ്റ്റേഴ്സ് മത്സരങ്ങളിൽ മികച്ച പ്രകടനം നടത്തിയ, നമ്മുടെ യൂണിറ്റിൽപെട്ടതും, പഴയിടം കുടുംബാംഗവുമായ ശ്രീമതി സൂസി മാത്യു പഴയിടത്തിനെ യോഗം ആദരിച്ചു.

കുടുംബാംഗം ശ്രീ. റ്റിമ്മി പഴയിടം അദ്ദേഹത്തിന്റെ പുതു സംരംഭമായ ശാസ്ത്രീയമായി ഉണക്ക മൽസ്യം തയ്യാറാക്കുന്നതിനെക്കുറിച്ചും അതിന്റെ വിപണനത്തെക്കുറിച്ചും സംസാരിച്ചു. ശാസ്ത്രീയമായി സംസ്കരിച്ച ഉണക്ക മത്സ്യത്തിന്റെ സാമ്പിൾ പാക്കറ്റുകൾ യോഗത്തിൽ സംബന്ധിച്ച എല്ലാവർക്കും നൽകുകയും ചെയ്തു.

പിന്നീട് കുടുംബയോഗം പ്രസിഡന്റ് ശ്രീ അലക്സ്. കെ.സി കൂന്താനത്തിന്റെ നേതൃത്വത്തിൽ നടന്ന ഭാരവാഹികളുടെ തിരഞ്ഞെടുപ്പിൽ, പ്രസിഡന്റായി ശ്രീ. ബേബി

ജോസഫ് പഴയിടം, സെക്രട്ടറിയായി ശ്രീ. ടോം തോമസ് കയത്തിൻകര, ട്രഷററായി ശ്രീ. ജോബി ജോസ് പഴയിടം എന്നിവർ ഏകകണ്ഠമായി തിരഞ്ഞെടുക്കപ്പെടുകയും, അവർ ചുമതല ഏൽക്കുകയും ചെയ്തു.

ജനുവരി 26 നു നടക്കുന്ന ഞാവള്ളി കുടുംബയോഗത്തിന്റെ വാർഷിക പൊതുയോഗവും, അടുത്ത വർഷത്തെ യൂണിറ്റ് വാർഷികവും കൂടുതൽ അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കി വിജയിപ്പിക്കാനും തീരുമാനിച്ചു.

ശ്രീ. ബേബി ജോസഫ് പഴയിടം യോഗത്തിൽ സംബന്ധിച്ച എല്ലാ കുടുംബാംഗങ്ങൾക്കും, കേന്ദ്രകമ്മിറ്റി അംഗങ്ങൾക്കും നന്ദിയും കൃതജ്ഞതയും അർപ്പിച്ചു സംസാരിച്ചു.

വിഭവസമൃദ്ധമായ ചായസൽക്കാരത്തിനും സ്നേഹാന്വേഷണങ്ങൾക്കും ശേഷം 6.30 നു യോഗം പിരിഞ്ഞു.

**കാഞ്ഞിരപ്പള്ളി യൂണിറ്റ് വാർഷിക പൊതുയോഗം – 21–01–2023**

ഞാവള്ളിൽ കുടുംബയോഗം കാഞ്ഞിരപ്പള്ളി യൂണിറ്റിന്റെ വാർഷിക പൊതുയോഗം 2023 ജനുവരി 21-ാം തീയതി ശനിയാഴ്ച വൈകുന്നേരം നാലുമണിക്ക് ശ്രീ. സെബാസ്റ്റ്യൻ ടി ജെ തെരുവൻകുന്നേലിന്റെ പൊൻകുന്നത്തുള്ള വസതിയിൽ വച്ച് നടത്തപ്പെട്ടു.

പ്രസിഡന്റ് ശ്രീ. സ്റ്റാൻലി കുര്യൻ ഞാവള്ളിലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം ഈശ്വര പ്രാർത്ഥനയോടെ ആരംഭിച്ചു. കുടുംബയോഗ പ്രാർത്ഥനയും, പരേതർക്കു വേണ്ടിയുള്ള പ്രാർത്ഥനയും ശ്രീ. സ്റ്റാൻലി കുര്യൻ നിർവഹിച്ചു. ആതിഥേയൻ ശ്രീ ടി ജെ സെബാസ്റ്റ്യൻ തെരുവൻകുന്നേൽ യോഗത്തിൽ സംബന്ധിച്ച എല്ലാവർക്കും ഹൃദ്യമായ സ്വാഗതം ആശംസിച്ചു. തന്റെ ഭവനത്തിൽ വച്ച് ഞാവള്ളി കുടുംബയോഗം കാഞ്ഞിരപ്പള്ളി യൂണിറ്റിന്റെ വാർഷികയോഗം നടത്താൻ ഇടയായതിൽ അദ്ദേഹം തന്റെ സന്തോഷം പ്രകടിപ്പിക്കുകയുണ്ടായി. തുടർന്ന് നടന്ന അധ്യക്ഷപ്രസംഗത്തിൽ പ്രസിഡന്റ് ശ്രീ. സ്റ്റാൻലി കുര്യൻ കാഞ്ഞിരപ്പള്ളി യൂണിറ്റിന്റെ വാർഷിക യോഗം ടി ഭവനത്തിൽ വച്ച് നടത്തുവാൻ സൗകര്യം ചെയ്തുതരികയും ആയതിനു വേണ്ട സഹായ സഹകരണങ്ങൾ നൽകുകയും ചെയ്ത കുടുംബ നാഥൻ ശ്രീ. സെബാസ്റ്റ്യൻ തെരുവൻകുന്നേലിനു പ്രത്യേകം നന്ദി രേഖപ്പെടുത്തി. വളരെ തിരക്കിനിടയിൽ പോലും അനുഗ്രഹ പ്രഭാഷണം നടത്തുവാൻ എത്തിച്ചേർന്ന റവ.ഫാ. ജോർജ് തെരുവൻകുന്നേലിന്ന് സ്നേഹാദരങ്ങൾ അർപ്പിക്കുകയും ചെയ്തു.

കാഞ്ഞിരപ്പള്ളി യൂണിറ്റിന്റെ സമ്മേളനം സാന്നിധ്യം കൊണ്ട് സജീവമാക്കിയ എല്ലാ കുടുംബാംഗങ്ങളെയും വളരെയധികം നന്ദിയോടെ സ്മരിച്ചു. കൂടാതെ 26.01.2023 ൽ കരൂർ വച്ച് നടത്തപ്പെടുന്ന കുടുംബയോഗ വാർഷിക സമ്മേളനം സമ്പുഷ്ടമാക്കാൻ എല്ലാ കുടുംബാംഗങ്ങളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിച്ചു.

കൂടാതെ പൊതുവായ കാര്യങ്ങൾ ബഹുമാന്യരായ കുടുംബാംഗങ്ങളുടെ ശ്രദ്ധയിൽ പ്പെടുത്തി തന്റെ അധ്യക്ഷ പ്രസംഗം ചുരുക്കി, അടുത്ത അജണ്ടയിലേക്കു കടന്നു.

സെക്രട്ടറി 07.01.2023 ൽ നടന്ന ഞാവള്ളി കുടുംബയോഗം കാഞ്ഞിരപ്പള്ളി യൂണിറ്റിന്റെ കമ്മറ്റി റിപ്പോർട്ട് അവതരിപ്പിച്ചു. തദവസരത്തിൽ കുടുംബയോഗം കൂടുതൽ സജീവമാക്കണമെന്നത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് അംഗങ്ങളെ ഓർമ്മപ്പെടുത്തി. കുടുംബയോഗത്തിൽ യുവജനങ്ങളുടെ സാന്നിധ്യം പരമാവധി വർ ദ്ധിപ്പിക്കണമെന്നും അഭിപ്രായപ്പെട്ടു.

മുഖ്യാതിഥി റവ.ഫാ. ജോർജ് തെരുവൻകുന്നേൽ തന്റെ അനുഗ്രഹ പ്രഭാഷണ ത്തിൽ കുടുംബ ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ആവശ്യകത ചൂണ്ടിക്കാണിച്ചു. രാഷ്ട്രീയത്തിന് അധീതമായി സംഘടനയെ നിലനിറുത്തണമെന്നും, അനുദിനം മാറി വരുന്ന സാഹചര്യങ്ങളെ ഉൾക്കൊണ്ടുകൊണ്ട് യുവജനങ്ങളുടെ പങ്കാളിത്തവും സഹകരണവും കുടുംബ യോഗങ്ങളിൽ ഉറപ്പാക്കണമെന്നും താല്പര്യപ്പെട്ടു. കൂടു മ്പോൾ ഇമ്പമുണ്ടാകട്ടെ എന്നാശംസിച്ചുകൊണ്ടു അദ്ദേഹം തന്റെ അനുഗ്രഹപ്രഭാ ഷണം ചുരുക്കി.

അതിനുശേഷം വിശിഷ്ടാതിഥികളെ ആദരിക്കുന്ന ചടങ്ങിലേക്ക് കടന്നു. 07.01.2023 ൽ നടന്ന യോഗതീരുമാനം അനുസരിച്ചു, അനുഗ്രഹപ്രഭാഷണം കൊണ്ട് സദസ്സിനെ സമ്പന്നമാക്കിയ, ആദരണീയനും, സ്നേഹസമ്പന്നനുമായ ബഹുമാനപ്പെട്ട റവ.ഫാ. ജോർജ് തെരുവൻകുന്നേലിനെ കാഞ്ഞിരപ്പള്ളി യൂണിറ്റ് സെക്രട്ടറി ശ്രീ. കെ എം ജോസഫ് കൂന്താനം ഷാൾ അണിയിച്ചു ആദരിച്ചു.

സെൻട്രൽ കമ്മിറ്റിയുടെ ബഹുമാന്യരായ പ്രസിഡന്റ് ശ്രീ അലക്സ് കെ സി കൂന്താനത്ത്, സെക്രട്ടറി ശ്രീ കുര്യാക്കോസ് അലക്സാണ്ടർ കയത്തിൻകര, ട്രഷറർ ശ്രീ ടോമി സെബാസ്റ്റ്യൻ മംഗലത്തിൽ എന്നിവരെയും ഷാൾ അണിയിച്ചു ആദരിച്ചു. തുടന്ന് യുവജന പ്രതിനിധി ശ്രീ സ്കറിയാച്ചൻ ഞാവള്ളിയുടെ നേതൃത്വത്തിൽ ഒരു തംബോല ഗെയിം നടത്തി അതിൽ വിജയികളായ അംഗങ്ങൾക്ക് സമ്മാനങ്ങൾ നൽകി അംഗങ്ങളെ പ്രോത്സാഹിപ്പിച്ചു. രസകരമായ കളിയിൽ എല്ലാവരും പങ്കെടുക്കുകയും ആസ്വദിക്കുകയും ചെയ്തു. പിന്നീട് കേന്ദ്ര കമ്മിറ്റി പ്രസിഡന്റ് ശ്രീ. അലക്സ് കെ സി കൂന്താനത്ത്, വൈസ് പ്രസിഡന്റ് ശ്രീ. വി ജെ ജോസഫ് വിലങ്ങുപാറ, സെക്രട്ടറി ശ്രീ കുര്യാക്കോസ് അലക്സാണ്ടർ കയത്തിൻകര, ട്രഷറർ ശ്രീ. ടോമി സെബാസ്റ്റ്യൻ മംഗലത്തിൽ, മുൻ പ്രസിഡന്റ് ശ്രീ. ടോമി കാടങ്കാവിൽ എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. തുടർന്ന് പ്രസിഡന്റ് ശ്രീ. അലക്സ് കെ സി കൂന്താനത്തിനെ വരണാ ധികാരിയായി നിശ്ചയിച്ചു തിരഞ്ഞെടുപ്പ് നടത്തി. പ്രസിഡന്റ് ആയി ശ്രീ. സ്റ്റാൻലി കുര്യൻ ഞാവള്ളിയും, വൈസ് പ്രസിഡന്റായി റോയി ജേക്കബ് ഞാവള്ളിയും, ജോയിന്റ് സെക്രറട്ടറിയായി ജോഷി എബ്രഹാം ഞാവള്ളിയും ട്രഷറർ ആയി ശ്രീ. സെബാസ്റ്റ്യൻ ടി ജെ തെരുവൻകുന്നേലും വീണ്ടും തുടരുവാൻ തീരുമാനിച്ചു.

സെക്രട്ടറി ആയി ശ്രീ. സ്കറിയ ലാലി ഞാവള്ളിയെയും, യുവജനപ്രതിനിധിയായി സിസിലി സ്കറിയായെയും, വനിതാ പ്രതിനിധികളായി ഡോ. ഡാലി ചാക്കോച്ചനെയും, സെലീനാമ്മ ലാലിയെയും തിരഞ്ഞെടുത്തു.

ആതിഥേയ ആയ ശ്രീമതി ത്രേസിയാമ്മ സെബാസ്റ്റ്യൻ തെരുവൻകുന്നേൽ ചടങ്ങിൽ സംബന്ധിച്ച എല്ലാവർക്കും ഹൃദ്യമായ നന്ദി രേഖപ്പെടുത്തി. സമാപന പ്രാർത്ഥനയോടെ യോഗം 6.30 ന് സമാപിച്ചു. ചായസൽക്കാരത്തിനും, സ്നേഹാന്വേഷണങ്ങൾക്കും ശേഷം എല്ലാവരും പിരിഞ്ഞു.

വിവിധ കാരണങ്ങളാൽ മറ്റു യൂണിറ്റുകൾ വാർഷിക സമ്മേളനങ്ങൾ നടത്തിയിട്ടിയല്ല

* * *

ഞാവള്ളിൽ കുടുംബയോഗത്തിന്റെ ആഭിമുഖ്യത്തിൽ ഈ വർഷം പ്രസിദ്ധീകരിക്കുന്ന 2024-ലെ കലണ്ടറിന്റെ കോപ്പികൾ തപാലിലോ/ കൊറിയറിലോ/ നേരിട്ടോ ആവശ്യമുള്ളവർ കമ്മറ്റിയംഗങ്ങളോ ഭാരവാഹികളോ ആയി ബന്ധപ്പെടുക.

## NJAVALLIL KUDUMBAYOGAM CHARITABLE TRUST, KAROOR
## RECEIPTS & PAYMENTS ACCOUNT FOR THE YEAR ENDED 31.03.2023 (Audited)

| RECEIPTS | AMOUNT | PAYMENTS | AMOUNT |
|---|---|---|---|
| To Opening Balance | | By Printing & Stationary | 59,266.00 |
| Cash in hand | 4,833.00 | " Postage & Courier | 6,990.00 |
| Bank Balance | | " Annual Meeting Expenses | 95,259.00 |
| A/C No:14010 | 10,981.00 | " Audit Fee | 5,900.00 |
| A/C No:13909 | 7,851.24 | " Website Renewal Charges | 1,196.00 |
| Federal Bank C D | 33,002.00 | " Honouring The Deceased | 8,710.00 |
| Fixed Deposits | | " Scholorships Distributed | 23,500.00 |
| Life Membership FD | 3,40,000.00 | " Donation Paid- Medical | 12,000.00 |
| General FD | 85,000.00 | " Donation Paid- Poor help | 20,000.00 |
| Endowment FD | 2,35,000.00 | " Committee Meeting Expenses | 1,704.00 |
| Welfare Fund FD | 3,75,000.00 | " Bank Charges | 7.00 |
| " Life Membership Collection | 2,000.00 | " Closing Balances: | |
| " Interest Received | 50,252.00 | | |
| " Donation Received | | | |

| | | | | |
|---|---|---|---|---|
| Annual day Receipts | 1,09,100.00 | | Cash in Hand | 3,568.00 |
| Donation | 45,500.00 | | Bank Balances: | |
| Medical Aid | 10,000.00 | | A/C No:14010 | 11,638.00 |
| Helping Poor | 17,500.00 | | A/C No:13909 | 22,613.24 |
| Award & Scholarship | 8,500.00 | 1,90,600.00 | Federal Bank CA | 38,428.00 |
| Calender sales | | 1,260.00 | Fixed Deposits | |
| " Education loan Repayment Recived | | 10,000.00 | Life Membership FD | 3,40,000.00 |
| | | | Endowment FD | 2,35,000.00 |
| | | | Welfare Fund FD | 3,75,000.00 |
| | | | General FD | 85,000.00 |
| **TOTAL** | | **13,45,779.24** | **TOTAL** | **13,45,779.24** |

VIDE OUR REPORT OF EVEN DATE
Pala
10/05/2023

Sd/-
AUDITED
**NAMBIAR & THOMAS**
Charted Accountant
Thomas T Abraham FCA, DISA (ICA)
M No. 020506 (Partner)
FRN002312S

# 26 –ാം വാർഷികസമ്മേളനം 26.01.2023















## യു.കെ. യൂണിറ്റ് – ഒക്ടോബർ 2023



## കണ്ണൂർ യൂണിറ്റ് – ഒക്ടോബർ 2023

